വേദപ്രചാരം

മദ്ധ്യസ്ഥൻ



പുസ്തകം 6 1934 ജൂൺ ലക്കം 12.

Licence No .183.

വിഷയവിവരണിക.

1. മാർത്തോമ്മാമെത്രാൻ (പദ്യം)
2. തിരുക്കുടുംബവും ഹെലിയോഃ പാഴ്സിയിലെ ദേവന്മാരുടെ പ്രാധാന്യവും.
3. വേദപുസ്തകപഠനം.
4. ജനിലിദണ്ഡവിമോചനം.
5. ഒരു ഹരിജനോദ്ധാരണകേന്ദ്രം.
6. വി. ജോൺബോസ്കോയുടെ ഒരു സ്വപ്നം.
7. ദിവ്യബലി. (പദ്യം)
8. ജപമാലസ്തോത്രസഖ്യം.
9. വർത്തമാനക്കുറിപ്പുകൾ
10. കത്തോലിക്കാസ്ഥാനം.
11. പരസ്യങ്ങൾ.
12. പഞ്ചാംഗം.

"തിരുരക്തവണക്കം."

ധ്യാനഗുരുവും ഗ്രന്ഥകാരനുമായ

ഫാദർ മാത്യു ആലക്കളത്തിൽ

അവർകളാൽ വിരചിതം!

ജ്ഞാനവായനയ്ക്കും

ഇലൊഹീം

വണക്കത്തിനും അത്യുത്തമം.

വില 8 ചക്രംമാത്രം

മുഖ്യസ്ഥൻആഫീസ്. ചങ്ങനാശേരി.

മദ്ധ്യസ്ഥൻ.

പുസ്തകം 6. | ഫെബ്രുവരി ജൂൺ. | ലക്കം 12.

* മാർത്തോമ്മാ മെത്രാൻ.

(ഒരു സ്മരണ)

വക്കീ എം. കല്ലുകളം.

(ഗാഥ)

താമരപ്പൂക്കൾ തപിച്ചു നിന്നീടവേ
കോമളാകാരനാം പൊൽക്കതിരോൻ
കേരശീർഷങ്ങളെയാശീർവദിച്ചിട്ടാ-
ത്തേരേറി വാരുണവാരിധിതൻ,
തീരത്തോടൊത്തു വിളങ്ങി നിന്നീടുമ്പോൾ
കേരളം പൊന്നൊളി പൂണ്ടിടുമ്പോൾ
ആരുടെയുപ്പാദസൂരമരീചിയാൽ
ഭാരതാരാമത്തിൽ പണ്ടുപണ്ടേ,
സൗരഭ്യപൂർണ്ണമാം പൂക്കൾ വിടർന്നുവോ
ആരതശില്പിയാം "തോമ്മാശ്ലീഹാ"
കേരളക്രൈസ്തവപത്മസരസ്സിനു്
സൂരനായ് വീണ്ടുമുദിച്ചപോലെ,
ചാരു കുരിയാളശ്ശേരിയിൽ ജാതനാം
കാരുണ്യപ്പൊൽച്ചെപ്പാം "തോമ്മാമെത്രാൻ,"
വാരുറു നില്ക്കുമരമന തന്നെയും
ആരാമം തന്നെയും പിന്നിലാക്കി
പോകുന്നിതാ; നല്ലോരോരോമൽ നേത്രങ്ങൾ
തൂകുന്ന സ്നേഹമാം ദിവ്യരശ്മി;
ചങ്ങനാശ്ശേരിതൻ മംഗലദീപമെ!
അങ്ങേയീപുഞ്ചിരിക്കായ് തൊഴുന്നേൻ!

* മരണദിനം ജൂൺ 2-ാംനു-

മെല്ലെവളഞ്ഞു വടക്കോട്ടുപോകുന്ന
നല്ലൊരു ഗ്രാമപഥത്തിലൂടെ,
ശാന്തവിനീതനായ് പോകും മഹാത്മാവിൽ
സ്വാന്തപ്രഭാവത്തെക്കണ്ടുനിന്നോർ
നാനാജനങ്ങൾക്കും കൺമണിയായൊരാ-
മാനവരത്നത്തെയാദരിച്ചാർ
ഒട്ടുപേർ വന്നുപ്പിതുപാദപത്മത്തെ
മുട്ടിനമ്മൽനിന്നു വണങ്ങിമുത്തി.
ആശിസ്സാകും മധുമാരിയും മന്ദമായ്
വർഷിച്ചുകല്യാണമേഘം ചുറ്റും
ബാലന്മാരും വന്നാബാലമനസ്സനെ
ലീലകൾ കാട്ടിച്ചിരിപ്പിച്ചപ്പോൾ
പിന്നെയങ്ങാളുകറഞ്ഞുവരുംതോറും
ചിന്നീടും പൂവാന്ന് രേന്മാവുകൾ
വന്നു വഴിനീളെ പച്ചപ്പുൽമെത്തയും
മുന്നിൽ വിരിച്ചു വണങ്ങി നിന്നാർ
ഹാ! നോക്കൂ! പുണ്യചിതാവിതാ നിൽക്കുന്നു!
സൂനങ്ങൾ കണ്ടോരു ബാലനേപ്പോൽ.
അല്പം വലത്തൊരു കാർവർണ്ണൻ നില്പുന്നു
തൊപ്പിപ്പാളയും തല കുനിച്ചും
കഷ്ടിച്ചുരചുറ്റും കീറിയചേലയി-
ലിറ്റിറ്റു വീഴുന്ന തൂവേർപ്പോട്ടും
കൈയിൽ ഘനമുള്ള തുമ്പായൊന്നേന്തിയും
മെയ്യാകെപ്പൂഴിപുരണ്ടുകൊണ്ടും
ഭൂദേവിമാത്രം തുണയായിട്ടുള്ളോരു
സാധുപുലയൻ കിളയ്ക്കുന്നിതാ!
പുല്ലുപൊരുക്കും കിടാത്തനുമഞ്ജന-
ക്കല്ലാൽ മെനഞ്ഞൊരു പാവപോലെ
ഉള്ളാകെവെൺമ നിറഞ്ഞതെന്നാക്കൊച്ചു
പല്ലുകൾ കാട്ടിച്ചിരിച്ചും നില്പൂ.
സ്വാഗ്വീയസത്തമം വെടിഞ്ഞു പശുക്കുട്ടിൽ

വൈക്കോലിൽ വാണഭഗവാൻ തന്റെറ
ദാസനാം പൊന്നുതിരുമേനി നിന്നുപോയ്
ഭാസുരനിർമ്മലചേതസ്സോടും
സ്നേഹലതയിലെ സാഹോദര്യമെന്നാ-
കൗമാരപുഷ്പത്തിൻ കാന്തിയോടും.
"കുഞ്ഞാ"യെന്നൊന്നുവിളിച്ചു മഹാത്മാ,വാ-
മഭാഗ്യമുരളിയാചണ്ഡാലന്റെറ
കണ്ണുകളും പുരികപിന്നെയാകണ്ണുകൾ,
രണ്ടും ആവോളം കുളിപ്പിക്കയായ്.
തുമ്പാ പതിച്ചു; പതിച്ചു പാളത്തൊപ്പി;
കുപ്പു കൈയ്യായിപ്പുതിച്ചുകുഞ്ഞൻ
ചേറുപുരണ്ടതൻ കൈക്കുമ്പിളം തന്നിലു-
ള്ളാരോമൽ താതന്റെറ പാണിപത്മം
ചേർത്തതിൽ മിന്നീടും രത്നാംഗുലീയമാം
ദിവ്യരത്നം നുകർന്നാവണ്ണത്താൻ.
കൊച്ചുകിടാത്തനും പുൽക്കഴൽ തന്നിലായ്
സച്ചന്ദം വന്നു മുരണ്ടുനിന്നാൻ.
പിന്നെയുമഞ്ചപ്പം മന്നാപോൽ വർഷിച്ചോ-
രന്നദാതാവിന്റെറ മന്ത്രിവീരനു
ഓതി "ദാഹിക്കുന്നു" സാധുപുലയനോ-
ടാദിവ്യകൗശിലെ ഗീതപോലെ
വഞ്ചിഭൂകല്പതരു മഞ്ഞുളാത്മനു
പിഞ്ചുകരിക്കേകി ചാഞ്ചാടുമ്പോൾ
ഇക്കൈചിച്ചു "ണ്ണിക്കുഞ്ഞന്റെറ"മേനിയിൽ!
സച്ഛൂദനിങ്ങനെ ചെയ്യുമുന്നം.
പൂതമാം മന്ദസ്മിതപ്രഭാപൂരത്തിൽ
ചേതോഹരമായ ബാലപുഷ്പം
നന്നായ് വിടർന്ന തിരുക്കഴൽപൊയ്കയിൽ
മിന്നിച്ചുകൊഞ്ചൽതേൻതുളുമ്പി.
രാജപ്രഭാവനാം പൊന്നുപിതാവിനെ
പൂജിച്ചു കണ്ടോരാ മാരുതൻ താൻ

"നല്ലയിടയ"നിതെന്നോത്താപൂഞ്ചെല
മെല്ലെത്തലോടിത്തുടങ്ങീതപ്പോഴം
പശ്ചിമാകാശത്തിൽ തങ്കത്തുമേഘങ്ങൾ
ഉജ്ജ്വലിച്ചാക്കമ്മസാക്ഷിയോടും
പുണ്യവാനായുള്ള മാത്തോമ്മാ മെത്രാനേ
വിണ്ണിലേക്കങ്ങു വിളിച്ചുനിന്നാർ
പിന്നെയും കാൽനടയായിത്തിരിച്ചുപോയ്
സുന്ദരമാനസനായതാതൻ
അഞ്ജലി പോലപ്പോഴം കുമ്പീകസുമങ്ങൾ;
പെഞ്ചെമ്മേ പക്ഷികൾ പാട്ടുപാടി
കേരളം ധന്യ! വെടിഞ്ഞൊ മാടപ്രാവ-
ങ്ങാത്മധന്യനിമ്മലനായിമന്ദം
വൻകടൽമീതെപറന്നങ്ങനന്തമാം
തങ്കത്തിരുപുരിതന്നിലെത്തി
പീയൂഷപാനത്താൽ വാനോർ ഗണത്തോടും
സായുജ്യം ചേർന്നു പരാപരനൊ
ആനന്ദോദ്യാനത്തിൽ വാഴുന്നു; വഞ്ചിയിൽ
തേനോലും പൂക്കൾ പൊഴിച്ചീടുന്നു.

സർ ഫബിബുള്ള കത്തോലിക്ക വൈദികരെപ്പറ്റി.

ആലുവാ കൊവേന്ത സന്ദർശിച്ച അവസരത്തിൽ ആശ്രമനിവാസികൾ സർ ഫബിബുള്ളയ്ക്കു സമർപ്പിച്ച മംഗളപത്രത്തിനു അദ്ദേഹം നൽകിയ മറുപടിയിൽ ഒരു ഭാഗം ഏതാണ്ടിപ്രകാരമായിരുന്നു:—

'കത്തോലിക്കവൈദികരോട്' എനിക്കു ദീർഘകാലത്തെ പരിചയമുണ്ട്. ദൈവഭക്തരും, ലോകോപകാരികളുമായ ഈ വൈദികരോട് എനിക്കുള്ള ബഹുമാനം സീമാതീതമാണ്. എന്റെ പലേവിഷമഘട്ടങ്ങളിലും ഞാൻ കത്തോലിക്കവൈദികരുടെ പ്രാർത്ഥനകളെ ശരണം പ്രാപിച്ചിട്ടുണ്ട്. അവരുടെ പ്രാർത്ഥനകൾ എനിക്കു വളരെ ഫലപ്രദായകങ്ങളായിരുന്നുവെന്നുള്ളതും ഞാൻ കൃതജ്ഞതാപൂർവം സ്മരിക്കുന്നു. തിരുവിതാംകൂറിൽ ഞാൻ കൈയ്യേറ്റിരിക്കുന്ന ചുമതലകൾ വിജയപ്രദമാകുന്നതിനും ഈ ആശ്രമവാസികളുടെ പ്രാർത്ഥനയെ ഞാൻ അഭ്യർത്ഥിക്കുന്നു. കത്തോലിക്ക വൈദികരും അവരുടെ സ്ഥാപനങ്ങളും പൊതുജനോപകാരാർത്ഥം ചെയ്യുന്ന സ്തുത്യർഹങ്ങളായ സേവനങ്ങളോട് എനിക്കുള്ള അഭിനന്ദനത്തെ പ്രകടിപ്പിക്കുവാൻ ഈ അവസരത്തെ ഞാൻ വിനിയോഗിച്ചുകൊള്ളട്ടെ.

തിരുക്കുടുംബവും ഫെലിയോപ്പോളീസിലെ ദേവന്മാരുടെ പലായനവും.

(ഫെ. ബ. പയ്യനാട്ട് യൌസേപ്പ് ക.)

പ്രശാന്തരമണീയമായ ഒരു രാത്രികാലം. സർവ്വത്രനിശ്ശബ്ദത. സൃഷ്ടിജാലം നിദ്രാവശഗമായിരിക്കുന്നു. ഉദയദേശശീതളമാരുതൻ മഹീരുഹശാഖോപശാഖകളിൽ മന്ദംമന്ദം കളിയാടുന്നു. അരുണോദയം ഇനിയും ആസന്നമായിട്ടില്ല. ആഫ്രായെന്നഭിധാനമുള്ള ഒരു നീഗ്രോവനിത, ഉർഘടവും ജനസഞ്ചാരമില്ലാത്തതുമായ ഒരു പന്ഥാവിൽകൂടി മെല്ലെമെല്ലെ പൊയ്ക്കൊണ്ടിരിക്കുന്നു.

രിക്തകലശവാഹിനിയായ ഏതൽബാലിക സ്വല്പം ഉയർന്ന ഒരു സ്ഥലത്തിൽ പ്രവേശിച്ചപ്പോൾ, ഫെലിയോപ്പോലീസ് നഗരത്തിന്റെ ഉത്തുംഗങ്ങളായ മതിലുകൾ അവളുടെ ദൃഷ്ടികൾക്കു വിഷയീഭവിച്ചു.

പൂർവ്വകാലത്തിൽ പ്രസ്തുത നഗരം പ്രശസ്തവും മനോഹരവും സമ്പൽസമൃദ്ധവുമായിരുന്നു. ലോകവിഖ്യാതമായ ആപുരിയിൽ, സൂര്യദേവനു പ്രതിഷ്ഠിക്കപ്പെട്ടിരുന്ന ഒരു വിശിഷ്ടമായ അമ്പലം ഉണ്ടായിരുന്നു.

തീർത്ഥകർമ്മാർ എജീപ്തിന്റെ നാനാപ്രദേശങ്ങളിൽ നിന്നും അവിടെ വരികപതിവുണ്ടായിരുന്നു. ആഫ്രാ, അതിന്റെ പാർശ്വത്തിൽകൂടെ പ്രയാണം ചെയ്തിരുന്നുവെങ്കിലും രാത്രികാലങ്ങളിൽ അവിടെ കാണുക പതിവുണ്ടായിരുന്ന സഹസ്രദീപപ്രകാശം കാണാതിരുന്നതുമൂലം, കിണറുകരയിൽ വച്ചു പൂവെട്ടു, ശ്രുവിച്ചകിംവദന്തി അടിസ്ഥാനരഹിതമല്ലെന്നവർക്കു തോന്നാതിരുന്നില്ല.

"കഷ്ടം! കഷ്ടം! ഗർഹണീയരായ നമുക്കു ദൂരിതമെന്നു" ഒരു കുലാംഗന ഉച്ചത്തിൽ പറഞ്ഞു.

സൂര്യദേവപൂജാരികൾ ദിനാന്തബലിക്കാഗതരായപ്പോൾ ബിംബങ്ങളെല്ലാം പീഠങ്ങളിൽ നിന്നുധ:പതിച്ചു തകർന്നുകിടക്കുന്നതായിക്കണ്ടതത്രെ. കഷ്ടാൽകഷ്ടതരം. ഈ ദിവസത്തിൽ വലുതായദുശ്ശകുനം തന്നെ. എന്നവേറൊരു വനിതസ്വാശയം പ്രകടിപ്പിച്ചു.

സർവ്വല്ലഭനും മഹാനുമായ സൂര്യദേവനെയും മറ്റും തകർത്തുകളയുന്നതിനാളുണ്ടായെങ്കിൽ ഇനി നമ്മുടെ ആശ്രയം ആരിലായിരിക്കണം?.

ഭ്രപലനം ഹേതുവായിട്ടിങ്ങനെ സംഭവിക്കുമോ?. അങ്ങിനെയെങ്കിൽ നാമതറിയാതിരിക്കുമോ? ഇല്ല. ഇല്ല. അത്തരപ്രവർത്തകന്മാരാരുമി

ല്ല. വിദേശികളും പട്ടണത്തിൽക്കൂടെ കടന്നുപോയതായി കേട്ടു. അവർ നമ്മുടെ ദേവന്മാരേക്കാളും വലിയവരും അവരുടെശത്രുപക്ഷക്കാരുമായിരിക്കുമോ? ഒരു വൃദ്ധൻ, കാഴ്ചയ്ക്കൊരു തച്ചൻ. യൌവ്വനയുക്തയായ ഒരു സീമന്തിനി സ്വപുത്രനെ വഹിച്ചുകൊണ്ടു് ഒരു കഴുതപ്പുറത്തിരുന്നിരുന്നു. ഇവർ ഇന്നലെ പട്ടണത്തിൽക്കൂടെ കടന്നുപോയി. ആ സമയത്താണു് മഹാദേവന്മാരെല്ലാം നിലം പതിച്ചുപോയതെന്നാണു കേട്ടതു്. എന്നു് മറെറാരു മഹിള ഉദീരണം ചെയ്തു.

ഒരു തക്ഷനും കുടുംബവും കടന്നുപോയതേ. അവരെക്കണ്ടു് നമ്മുടെ ദേവന്മാർ വീണ തവിടുപൊടിയായിപ്പോയി. അല്ലെ, അമ്പമ്പോ! എത്ര ഭീമമായവിഡ്ഢിത്തം!! മരീ! പോടീ! വിഡ്ഢി! ഇത്രയും പ്രവചിച്ചതിനു നിനക്കെന്താണുവേണ്ടതു്? ഫോ, വിലക്ഷണെ....നീ ആഫ്റായുടെ ശപിക്കപ്പെട്ട മതാവിനെപ്പോലെയാകട്ടെ. എന്നുവേറൊരു സ്ത്രീ രോഷാകുലയായി കണ്ണാരുത്തുമായ ഭാഷയിൽ പറഞ്ഞു.

ആഫ്റാ കലശവും വഹിച്ചുകൊണ്ടു് കിണററിങ്കലെത്തിയപ്പോൾ, മുൻകൂട്ടി മറുള്ളവർ കോരിയെടുത്തതിനാൽ, സലിലം വളരെ കുറവായിരുന്നു. നിർജ്ജരനിഗ്രഹനം അതീവസാവധാനത്തിലുമായിരുന്നു. അതിനാൽ രോഗാതുരയായ സ്വമാതാവിനെ ഓർത്തുകൊണ്ടു്, കുടം നിറയ്ക്കുന്നതിനു താമസിക്കാതെ കിട്ടിയിടത്തോളം മേഘപുഷ്പ്പവുംകൊണ്ടു് ആഫ്റാ ഭവനത്തിലേക്കു യാത്രതിരിച്ചു. മാർഗ്ഗമധ്യേ ഒരു രാസഭം പാനീയശ്രോണപ്രേരിതനായി, അതു കുടിക്കണമെന്നുള്ളഭാവത്തിൽ അവളോടടുത്തുവന്നു. "എന്റെ കുടത്തിൽ നിന്നും നിന്നെ ഞാൻ കുടിപ്പിക്കുകയില്ലെന്നു പറഞ്ഞുകൊണ്ടു് അവനം അടുത്തുതന്നെ കിടന്നിരുന്ന ഒരു മരത്തൊട്ടിയെടുത്തു നിറയെവെള്ളമൊഴിച്ചു് അതിനു കൊടുത്തു. ഈ തൊട്ടിയെങ്ങനെ ഇവിടെ വന്നുവെന്നവിചാരിച്ചു് അവനം ചുറുചുറുപ്പോടെനോക്കിയപ്പോൾ, സാവേഗത്തിൽ നിബിഡിത ശാഖകളോടുകൂടി, ശാഖാഗ്രങ്ങളം ഭൂമുഖനം ചെയ്തുനില്ക്കുന്ന പാദപമൂലത്തിങ്കൽ ഒരു വൃദ്ധനേയും കോമളനായ ശിശുവിനെ വഹിച്ചിരിക്കുന്ന ഒരു സുന്ദരിയായ സ്ത്രീരത്നത്തേയും വീക്ഷണം ചെയ്തു. ഇവരാർ! ഇവരിവിടെ എങ്ങിനെ വന്നുചേർന്നു? ഇവരായിരിക്കും ദേവന്മാരെ നിലം പതിപ്പിച്ചവർ. ഇവരെക്കുറിച്ചായിരിക്കാം കിണറുകരയിൽ വച്ചു് സ്ത്രീജനങ്ങളം സംസാരിച്ചതു്. ഇവർ വിദേശികളം തന്നെ. വസ്ത്രധാരണരീതി എജീപ്തുകാരുടേതല്ല. ഏവം വിധമുള്ളചിന്തകളം അവളുടെഅന്തരംഗത്തിലുദിച്ചുയർന്നപ്പോളം എന്തെന്നില്ലാതെ ഒരു ഭീതി അവൾക്കുണ്ടായി. ശരീരമശേഷം രോമാഞ്ചമണിഞ്ഞു. സുദീർഘമായൊന്നുനിശ്വസിച്ചു. സ്വല്പമൊന്നു പുറകോട്ടുമാറി. ശിരസ്സു

മേഘമണ്ഡലത്തിലേക്കുയർത്തി; ഏകാഗ്രചിത്തയായി, നിജ്ജീവമായ റ ബ്ബർപാവയെപ്പോലെഅവളംനിലകൊണ്ടു. അപ്പോൾവൃദ്ധൻഅവളെനോ ക്കി പുഞ്ചിരിയിട്ടുകൊണ്ടു നില്ക്കുകയായിരുന്നു. ചിരിച്ചുകൊണ്ടു നില്ക്കുന്ന വൃദ്ധനെ ദർശിച്ചപ്പോൾ, ഇതഃപര്യന്തമുണ്ടായിട്ടില്ലാത്തൊരാമോദമവൾക്കു ണ്ടാകാതിരുന്നില്ല. നീ, ഞങ്ങളുടെ കഴുതയോടു പ്രദർശിപ്പിച്ച ദയാധി ക്യത്തിനു കൃതജ്ഞതാസമന്വിതമായ ഉപകാരസ്മരണ. അതീതരാത്രിയിൽ കുറച്ചുമാത്രം കമലമേ ഞങ്ങളുടെ മുഗത്തിനു കൊടുപ്പാൻ സാധിച്ചുള്ളൂ എന്നായാൾ പറഞ്ഞു "ഇതിപ്പോൾ കോരിയ വാരിയാണു്. വേണമെ ങ്കിൽ കുറച്ചെടുക്കാമല്ലോയെന്നു്പറഞ്ഞുകൊണ്ടു്അവൾ വൃദ്ധനേസമീപി ച്ചു. അപ്പോൾ ഞങ്ങളും കഴുതയെപ്പോലെ ലജ്ജയില്ലാത്തവരെന്നു് പ്രക ടിപ്പിക്കയല്ലെ. ഇപ്പോൾ നീ നിന്റെ ഗൃഹത്തിലേക്കായിരിക്കുമല്ലോ. ഞങ്ങളും നിന്നെ അനുഗമിക്കട്ടെയൊ? മഹത്തായപട്ടണങ്ങളെക്കാൾ ചെറിയഗ്രമങ്ങൾ ഞങ്ങളുടെ സ്ഥിതിക്കു പറ്റിയതാകുന്നു എന്നു് ആ മ ഹിള പറഞ്ഞു.

ഇതു കേട്ടമാത്രയിൽ ആഫ്രായുടെ മുഖത്തു ചുടുരക്തം പാഞ്ഞുകയ റുന്നതുപോലെ തോന്നി. ഞങ്ങൾ ഗ്രാമത്തിലല്ല. സവ്രാലും നിക്യഷ്ട യായും മന്ത്രവാദിനിയായി തൃജിക്കപ്പെട്ടവളായും ഇരിക്കുന്ന എന്റെ മാതാ വും ഞാനുംകൂടി പ്രവാസജീവിതം നയിക്കുകയാകുന്നു. എന്റെ മാതാവു നിർഭാഗ്യവതിയും അതീവരോഗിണിയുമായിരിക്കുകയാണു്. ഞാനല്ലാതെ വേറെ സന്താനങ്ങളുമില്ല. അചരൻ നിഷ്ക്രമനായിട്ടു് എട്ടുവർഷത്തോള മായി. ഞങ്ങൾ കഷ്ടപ്പെട്ട കഴിച്ചുകൂട്ടുകയാണു് എന്നു ആഫ്രാ വള രെ താഴ്മയോടെ പറഞ്ഞുമനസ്സിലാക്കി. ഞങ്ങളും പ്രവാസജീവിതത്തി നു നിയുക്തരാകുന്നു. നിന്റെ സ്ഥലംതന്നെയാണു് ഞങ്ങളും കാംക്ഷിക്കു ന്നതു്. എന്റെ ഭാര്യ മറിയം രോഗശുശ്രൂഷയിൽ അതിചതുരയാകുന്നു. അവളാൽ പാർട്ടുള്ളതെല്ലാം ചെയ്യുന്നതിനു് നല്ലമനസ്സും താല്പര്യവുമുള്ളവ ളുമാകുന്നു. ഞാൻ കാലക്ഷേപമാർഗ്ഗം അന്വേഷിച്ചു് പുറത്തേക്കു പോകു മ്പോൾ നീ അവളുടെയും കുട്ടിയുടെയുംകൂടെ ഉണ്ടായിരുന്നാൽ മാത്രംമതി. ഇപ്രകാരം വൃദ്ധൻ തന്റെ അന്തർഭാവം വെളിപ്പെടുത്തിയ സമയം ആഫ് റായുടെ ഹൃദ്ഭേദനനിരകളും തടിൽപിണർപോലെ പ്രകാശമാനമാവുകയും നിമീലിതനിമീലികകളിൽ നിന്നു് ഹർഷബാഷ്പകണങ്ങളും ഇറ്റിറ്റു പൊഴിയുകയും ചെയ്തു.

ആ ചെറിയ സംഘം അവളോടുകൂടെ പുറപ്പെട്ടു. കഴുതപ്പുറത്തു ഗൃഹസാമഗ്രികളുടെമദ്ധ്യേ സ്ഥിതിചെയ്തിരുന്ന കോമളബാലന്റെ ഉത്തമാം ഗോപരിഭാഗത്തു സുവർണ്ണസമാനമായ ദ്യുതിവിശേഷമുണ്ടായതായി ആഫ്രായിതു

തോന്നിയിരുന്നു. കുട്ടിയെ പിടിക്കാനെന്നുള്ള ഭാവത്തിൽ മറിയം ഒരു കൈനീട്ടിപ്പിടിച്ചുകൊണ്ടു് കഴുതയുടെ പാർശ്വത്തിൽക്കൂടെ നടന്നിരുന്നു. വൃദ്ധൻ കയറിന്മേൽ പിടിച്ചുകൊണ്ടു് കഴുതയെ നയിച്ചിരുന്നു. നീഗ്രോ വനിത കലശം വഹിച്ചുകൊണ്ടു് മാസ്റ്റർശിയുടെ ജോലി ഹർഷസമേതം നിർവ്വഹിച്ചിരുന്നു. ഏവംവിധം കുറേവഴിപോയശേഷം പാറകളുടെ ഇടയിൽക്കൂടെകടന്നു് ഒരു മനോജ്ഞസ്ഥാനപ്രദേശത്തിൽ അവർ ചെന്നു ചേർന്നു. അവിടെ രണ്ടു് അത്തിവൃക്ഷങ്ങളും നിന്നിരുന്നു. അവയുടെ മധ്യത്തിലായിരുന്ന ആഫ്റായുടെ ഭവനം. വെറും ഒരു ചെറിയ മാടം മാത്രമായിരുന്നുഅതു്. അവരം ചുമന്നുകൊണ്ടുവന്നിരുന്നകുടം സമനിരപ്പായിരുന്നഒരു പാറപ്പുറത്തു സ്ഥാപിച്ചശേഷം മറിയത്തെ തന്റെ മാതാവിന്റെ പക്കലേക്കു ക്ഷണിച്ചുകൊണ്ടുപോയി. പ്രവേശിച്ചയുടനെ മറിയം അവളുടെ രോഗാതുരയായ മാതാവിന്റെ ശീർഷത്തിൽ തൊട്ടു. തൽക്ഷണംതന്നെ അവളുടെ ആമയം സ്വസ്തിപ്പൊല്ലിപ്പിരിഞ്ഞതു കണ്ടുകൊണ്ടിരുന്ന ആഫ്റായുടെ സല്ക്കാരബുദ്ധി പ്രബുദ്ധമാക്കപ്പെട്ടതായിക്കാണപ്പെട്ടു. യാത്രാക്ലേശം ഹേതുവാൽ നിങ്ങടം ക്ഷീണിച്ചും വിശന്നുമിരിക്കയല്ലേ. ഞാൻ ഒരപ്പം ഉണ്ടാക്കിത്തരട്ടേ. കുറച്ചു കാട്ടുകിഴങ്ങും ചുട്ടുതരട്ടെയോ? എന്നാവം വളരെ തൃപ്തിയോടും സന്തുഷ്ടിയോടുംകൂടെ മറിയത്തോടു പറഞ്ഞു. നിന്റെറതിൽ നിന്നു ഭക്ഷിച്ചാൽ നീയും അമ്മയും ഒരു പക്ഷേ വിഷമിച്ചുപോകും. എന്റെ കായ്യം ഭത്താവായ യൌസേപ്പു നോക്കിക്കൊള്ളും. എന്നു പറഞ്ഞശേഷം ആഫ്റായേയും അവളുടെ മാതാവിനേയും വിളിച്ചുകൊണ്ടു് മറിയം വെളിക്കിറങ്ങിയപ്പോൾ ഒരു പാറപ്പുറത്തു ധാരാളം ബാർലി അപ്പങ്ങൾ കിടക്കുന്നതായി അവർ കണ്ടു. അപ്പം ഭക്ഷിക്കാമെന്നു യൌസേപ്പു ആഫ്റായോടും അവളുടെ ജനനിയോടും പറഞ്ഞപ്പോൾ ആഫ്റായ്ക്കുണ്ടായ സന്തോഷം എത്രമാത്രമെന്നുപറഞ്ഞറിയിക്കുന്നതിനേക്കാൾ ഊഹിച്ചുകൊള്ളുകയാണു നല്ലതു്. അവളുടെ പന്ത്രണ്ടുവർഷത്തേജീവിതത്തിനിടയിൽ ഇത്രവളരെ അപ്പങ്ങൾ ഒരിക്കലും കണ്ടിട്ടുണ്ടായിരുന്നില്ല.

വേദോപദേശക്ലാസുകൾക്കുള്ള

ഫാജർപുസ്തകങ്ങൾ വല്പാനുണ്ടു്.

വില ഫക്കു് ണാ. റു.

മല്ലൃസ്ഥൻ ബുക്കുഡിപ്പോ

ചങ്ങനാശേരി.

ബുദ്ധിക്ഷിതയായിരുന്നെങ്കിലും ആവേഗത്തോട്ടുകൂടെ, തെങ്ങളംക്കുകൂടെ തരാനുണ്ടോകുമോ എന്നാവം ചോദിച്ചു. അതിന് മറുപടിയായിട്ട് ഇതു തെങ്ങളം ചമതലപ്പെട്ടന്ന കടമാത്രമാകുന്നുവെന്നും തെങ്ങളംക്കു കൂടുതൽ ആവശ്യമുള്ളപ്പോൾ ദൈവം തരുമെന്നും അവുസേഫു പറഞ്ഞു.

എന്നാൽ ദൈവം വെള്ളവും തരികയില്ലേ. കിണർ വളരെ ദൂരെയും ഉറവ വളരെ മന്ദഗതിയിലുമാകുന്നു. പാശ്ചവത്തികം നിർദ്ദയതമാകുന്നു എന്നാവം പറഞ്ഞു.

കൊള്ളാം. അദ്ദേഹം നിനക്കു തരുമെന്നു പൂർണ്ണവിശ്വാസമുണ്ടോ ? എന്ന് യൗസേഫു് ചോദിച്ചു. അദ്ദേഹം ആരാണ് എന്നാവം വീണ്ടും ചോദിച്ചു. എബ്രായക്കാരുടെ ദൈവം. ആകാശത്തിന്റെയും ഭൂമിയുടെയും ദൈവം. പകൽ വെളിച്ചം തരുന്നതിനു സൂര്യനേയും രാത്രി വെളിച്ചത്തിനു ചന്ദ്രനേയും സൃഷ്ടിച്ചവൻ. ഭൂമിയിലും ഭൂമിക്കുതാഴെയും ഇടവിതാനത്തിലും സലിലസംഭാരം ചെയ്തിട്ടുള്ളവൻ എന്ന് യൗസേഫു പ്രത്തരിച്ചു. എങ്കിൽ തീർച്ചയായും നമുക്കാവശ്യമുള്ളവെള്ളംതരുംഎന്ന് അവം പറഞ്ഞു. അനന്തരം യൗസേഫു ആകാശത്തിലേയ്ക്കു കണ്ണുകളുയർത്തി കൈകളംവിരിച്ചുപിടിച്ചുപ്രാർത്ഥിപ്പാൻ തുടങ്ങി. മറിയവും പൈതലിനെ ഉയർത്തിപ്പിടിച്ചുകൊണ്ടതിൽ പങ്കുപിടിച്ചു.

സ്വല്പനിമിഷം കഴിഞ്ഞപ്പോൾ എന്റെ കുടം പൊട്ടി. തൊന്നെന്തു ചെയ്യും. വേറെ കുടവുമില്ല. നാളെ എങ്ങിനെ വെള്ളം കൊണ്ടുവരും? എന്നിങ്ങനെ ആകുലം അനുകമ്പ ജനിക്കത്തക്കവിധം ആഫ്രോ മുറവിളി കൂട്ടിത്തുടങ്ങി. തദനന്തരം അവളോടിച്ചെന്ന് കുടം പൊക്കിനോക്കി. കുടം പൊട്ടിയിട്ടില്ലെന്നും കുടത്തിനു താഴെയുള്ള കരിങ്കല്ലിൽനിന്നും ഒരു വാരിപ്രവാഹം ഉണ്ടായതാണെന്നും ഗ്രഹിച്ച് സന്തോഷചിത്തയായി. എജിപ്തിൽ തിരുക്കുട്ടംബം ജീവിച്ചിരുന്നപ്പോൾ അതിലേ വെള്ളമാണ് ഉപയോഗിച്ചിരുന്നതു്. ഹെലിയോപ്പോളീസിലെ പൂജാരികം അനേക നാളത്തേക്കു തങ്ങളുടെ ദേവന്മാരെ വിളിച്ചുകൊണ്ടു വിലപിച്ചിരുന്നു. അവർ പിന്നീടു് അവിടെ വന്നതേയില്ല. അമ്പലത്തിലേ വെളിച്ചപ്പാടിനെക്കൊണ്ടു് അവർ തുള്ളിച്ചു. നമ്മുടെ ദേവന്മാരുടെ ദേവൻ എജിപ്തിലെവിടെയോ വന്നു വസിക്കുന്നുണ്ടു്. ആ ദേവദേവൻ നമ്മുടെദേവന്മാരെയെല്ലാം അഗ്നികുണ്ഡത്തിലാക്കി ബന്ധിച്ചിരിക്കുന്നു. അതിനാലവർ ഇവിടെ മേലാൽ വരികയില്ലെന്നവർ പ്രവചിച്ചതിനാൽ പൂജാരികളെല്ലാം സ്ഥലം വിട്ടു പോയി.

ഓറ്റും ദേവാലയം നശിച്ചതുപോലെ അവിടത്തെ അമ്പലവും കാലാന്തരത്തിൽ നാമാവശേഷമായിത്തീർന്നു. ദേവാലയം നശിച്ചതോടെ ഓ

വേദപുസ്തകപഠനം.

പുതിയനിയമം.

ചോ. പുതിയനിയമത്തിൽ എത്ര പുസ്തകമുണ്ടു്?

ഉ. പുതിയനിയമത്തിൽ ഇരുപത്തേഴു പുസ്തകമുണ്ടു്.

ചോ. ഈ പുസ്തകങ്ങളും എപ്പോഴാണു് എഴുതപ്പെട്ടതു്?

ഉ. ഇവ എഴുതപ്പെട്ടതു് ക്രിസ്തുവർഷം ൫൰–നാം, ൯൰–നാം ഇടയ്ക്കാണു്.

ചോ. ആരാണു് ഇവ എഴുതിയതു്?

ഉ. ഇവയുടെ ഗ്രന്ഥകർത്താക്കളും മിക്കവാറും അപ്പസ്തോലന്മാരാണു്.

ചോ. എന്തുകൊണ്ടാണു് 'മിക്കവാറും' എന്നു പറഞ്ഞതു്?

ഉ. പുതിയനിയമത്തിലേ ചില പുസ്തകങ്ങളും എഴുതിയതു് അപ്പസ്തോലന്മാരല്ലാത്തതുകൊണ്ടാണു് മിക്കവാറും എന്നു പറഞ്ഞതു്. ഉദാ: രണ്ടാമത്തേയും മൂന്നാമത്തേയും സുവിശേഷങ്ങളും എഴുതിയതു് വി. മർക്കോസും, ലൂക്കോസും ആണല്ലോ.

ചോ. പുതിയനിയമത്തിലേ പുസ്തകങ്ങളും എങ്ങനെ തരംതിരിക്കാം.

ഉ. പഴയനിയമത്തിലേതുപോലെ തന്നെ പുതിയനിയമത്തിലേതും മൂന്നായി തരംതിരിക്കാം.

ചോ. ഈ മൂന്നു തരങ്ങളും ഏവ?

ഉ. ചരിത്രസംബന്ധമായതും, പ്രബോധനസംബന്ധമായതും, ദീർഘദർശനപരവും.

ചോ. ചരിത്രസംബന്ധമായ പുസ്തകങ്ങളും എവ?

ഉ. സുവിശേഷങ്ങളും നാലും "അപ്പസ്തോല നടപടി"യുമാണു് ചരിത്രസംബന്ധമായവ.

ചോ. പ്രബോധനസംബന്ധമായവ ഏതെല്ലാം?

ഉ. ലേഖനങ്ങളെല്ലാമാണു് പ്രബോധനസംബന്ധമായവ ഇവയെ ഉപദേശങ്ങളും എന്നും നാമകരണം ചെയ്യാറുണ്ടു്.

റ്റ്റും പട്ടണത്തിന്റെ പ്രശസ്തി അസ്തപ്രായമായിത്തീർന്നതുപോലെ ഹെലിയോപ്പോളീസ് നഗരവും നശിച്ചു.

ഇസ്രായേൽ ജനംമൂലം എജിപ്തിനെ പല വിധത്തിൽ പീഡിപ്പിച്ച ദൈവം, തന്റെ ദിവ്യസുതന്റെ പ്രവാസജീവിതം ഹേതുവായിട്ടു് എജിപ്തിനെ പലവിധത്തിൽ അഭിവൃദ്ധിച്ചു. ഇതിനാലായിരിക്കണം എജിപ്തിൽ പലേ പുണ്യവാന്മാരുണ്ടായതെന്നു് വിചാരിക്കാം.

ചോ. ദീർഘദർശന പരങ്ങളായ പുസ്തകങ്ങൾ ഏവ?

ഉ. പുതിയനിയമത്തിൽ "വി. യോഹന്നാന്റെ വെളിപാട്" എന്ന ഒരു പുസ്തകമേ ദീർഘദർശനപരമായിട്ടുള്ളൂ.

ചോ. പുതിയനിയമത്തിൽനിന്ന് നാം എന്തു് പഠിക്കുന്നു.

ഉ. പുതിയനിയമത്തിൽനിന്ന് നാം ഗ്രഹിക്കുന്നതു് ക്രിസ്തുവിന്റെ ജീവിതത്തിലേ പ്രധാനപ്പെട്ട സംഭവങ്ങളും; ക്രിസ്തുമതത്തിന്റെ വിശ്വാസസത്യങ്ങളും, ആചാരങ്ങളും; പ്രാഥമിക സഭയുടെ ചരിത്രം ഇവയാണു്.

ചോ. ആളുകളെ മാനസാന്തരപ്പെടുത്തണമെന്ന പ്രധാന ഉദ്ദേശത്തോടുകൂടിയാണോ പുതിയനിയമം എഴുതപ്പെട്ടതു്?

ഉ. പുതിയനിയമം എഴുതിയതു് ആളുകളെ മാനസാന്തരപ്പെടുത്തുവാനല്ല; മാനസാന്തരപ്പെട്ടവർ വിശ്വാസത്തിൽ സ്ഥിരീകൃതരാക്കപ്പെടുന്നതിനാണു്.

വേദപുസ്തകത്തിലേ ഭാഷ.

ചോ. വേദപുസ്തകത്തിന്റെ മൂലഗ്രന്ഥം മുഴുവൻ ഒരു ഭാഷയിലാണോ എഴുതപ്പെട്ടതു്?

ഉ. അല്ല. ഹീബ്രൂ കൂടാതെ ഗ്രീക്കുഭാഷയും ഉപയോഗിച്ചിട്ടുണ്ടു്.

ചോ. ഹിബ്രൂ ഭാഷയിൽ എഴുതിയ പുസ്തകങ്ങൾ ഏതെല്ലാം?

ഉ. പഴയനിയമത്തിലേ മിക്കവാറും എല്ലാ പുസ്തകങ്ങളും, പുതിയനിയമത്തിൽ വി. പൗലോസിന്റെ എബ്രായക്കാക്കുള്ള ലേഖനവും വി. മത്തായിയുടെ സുവിശേഷവും ഹീബ്രൂ ഭാഷയിൽത്തന്നെ എഴുതപ്പെട്ടു എന്നാണു് പലരുടേയും അഭിപ്രായം.

ചോ. ഗ്രീക്കുഭാഷയിൽ എഴുതിയ പുസ്തകങ്ങൾ ഏതെല്ലാം?

ഉ. പഴയനിയമത്തിൽ, മക്കബായക്കാരുടെ രണ്ടാം പുസ്തകവും ജ്ഞാനത്തിന്റെ പുസ്തകവും; പുതിയനിയമത്തിൽ, വി. പൗലോസിന്റെ എബ്രായക്കാക്കുള്ള ലേഖനവും, വി. മത്തായിയുടെ സുവിശേഷവും ഒഴിച്ചു് എല്ലാ പുസ്തകങ്ങളും.

ചോ. ഹീബ്രൂ ഭാഷയിലുണ്ടായിരുന്ന പഴയനിയമഗ്രന്ഥങ്ങൾ ഗ്രീക്കിലേയ്ക്കു് വിവർത്തനം ചെയ്യപ്പെട്ടതു് എപ്പോൾ?

ഉ. ക്രിസ്തുവിനു് ഏകദേശം രണ്ടു വർഷങ്ങൾക്കു് മുമ്പു്.

ചോ. എന്തിനാണു് വേദപുസ്തകം ഹീബ്രൂവിൽനിന്നു് ഗ്രീക്കുഭാഷയിലേയ്ക്കു് വിവർത്തനം ചെയ്തതു്?

ഉ. ഗ്രീക്കുഭാഷ പ്രാബല്യത്തിലിരുന്ന ദേശങ്ങളിൽ യഹൂദന്മാർ കൂടിയേറിപാർത്തു് കാലക്രമേണ മാതൃഭാഷ മറന്നു് ഗ്രീക്കുഭാഷമാത്രം സംസാരിക്കുന്നവരായിത്തീർന്നു; തന്നിമിത്തം ഗ്രീക്കുഭാഷയിലും ബൈബിൾ ഉണ്ടാകേണ്ടതാവശ്യമായി ഭവിച്ചു.

ചോ. എവിടെവെച്ചാണു് ഈ ഭാഷാന്തരം ചെയ്തതു്?

ഉ. ഈജിപ്തിലേ അലക്സാന്ത്ര്യായിൽവെച്ചു്.

ചോ. ഈ ഭാഷാന്തരത്തിന്റെ പേരെന്തു്?

ഉ. ഇതു് "സെപ്തുവജിന്റെ"(സപ്തതി)വിവർത്തനം എന്നാപേരിനാൽ അറിയപ്പെട്ടുന്നു. (സെപ്റ്റുജിന്റാ എന്ന ലത്തീൻ പദത്തിന്റെ അർത്ഥം ൭൦ എന്നാണു്.)

ചോ. എന്തുകൊണ്ടാണു് ഇപ്രകാരം പേരിട്ടതു്?

ഉ. ഈ വിവർത്തനം സാധിച്ചതു് യഹൂദന്മാരിലേ ഒരു കൂട്ടരായ എഴുപതു് സ്ക്രീബന്മാരുകൂടി ആണെന്നാണു് പൊതുവേയുള്ള അഭിപ്രായം. ഇക്കാരണത്താലാണു് എഴുപതു് എന്നർത്ഥമുള്ള സെപ്തുവജിന്റ് എന്നപേരും ഈ ഭാഷാന്തരത്തിനു് സിദ്ധിച്ചതു്.

സെപ്റ്റുവജിന്റ് (സപ്തതി.)

ചോ. പഴയനിയമത്തിന്റെ പരിഭാഷകന്മാർ ആരാണു്?

ഉ. ഗ്രീക്കുഭാഷയിലും ഹീബ്രുവിലും ഒരുപോലെ സമർത്ഥന്മാരായിരുന്ന യഹൂദപണ്ഡിതന്മാരായിരുന്ന ഇതിന്റെ പരിഭാഷകന്മാർ.

ചോ. "സെപ്തുവജിന്റ്" എന്നതു കൂടാതെ വേറെവല്ലപേരും ഇതിനുണ്ടോ?

ഉ. ഹീബ്രുവിലുള്ളതിൽനിന്നു് തിരിച്ചറിയുന്നതിനുവേണ്ടി ഇതിനെ അലക്സാന്ത്രിയൻ ബൈബിൾഎന്നും വിളിച്ചിരുന്നു.

ചോ. ഭാഷയുടേതുകൂടാതെ വേറെ വല്ലവ്യത്യാസവും ഇവതമ്മിലുണ്ടോ?

ഉ. ഹീബ്രുവിലേതിനേക്കാൾ അധികം പുസ്തകങ്ങൾ സെപ്തുവജിന്റ് വിവർത്തനത്തിലുണ്ടു് എന്നൊരു ഭേദമുണ്ടു്.

ചോ. ഹീബ്രുവിലുള്ള ഗ്രന്ഥത്തിനോടു് ഈ പുസ്തകങ്ങൾകൂടി ചേർക്കാനുള്ള അധികാരം ഇവർക്കു് എവിടെ നിന്നു ലഭിച്ചു?

ഉ. പുതിയതായി ചേർക്കപ്പെട്ട പുസ്തകങ്ങളും ദൈവനിവേശിതങ്ങളായിരുന്നു എന്നു് ഇവർ സകാരണം വിശ്വസിച്ചിരുന്നു.

ചോ. ഈ പുതിയ പുസ്തകങ്ങളും എബ്രായക്കാർ അംഗീകരിച്ചുവോ?

ഉ. ഇല്ല. എബ്രായക്കാർ ഇവയെ സ്വീകരിക്കുന്നതിനു് വിസമ്മതിച്ചു.

ചോ. എന്തുകൊണ്ടാണ് അവർ വിസമ്മതിച്ചത്?

ഉ. വേദപുസ്തകം പൂർത്തിയായെന്നും തന്മൂലം ഇനിയും ഒന്നും ചേർക്കേണ്ടതില്ലെന്നും പലസ്തീനായിൽ നിവസിച്ചിരുന്ന യഹൂദന്മാർ വിചാരിച്ചതുകൊണ്ട്.

ചോ. നമ്മുടെ കർത്താവിന്റെ കാലത്തു് സപ്തതി വിവർത്തനം ഉപയോഗത്തിലിരുന്നുവോ?

ഉ. ഗ്രീക്കുഭാഷ സംസാരിച്ചിരുന്ന യഹൂദന്മാരുടെ ഇടയിൽ ഇതു് പ്രചാരത്തിലിരുന്നു. നമ്മുടെ കർത്താവും ശ്ലീഹന്മാരും ഇതിൽ നിന്നു് ഉദ്ധരണികളും ധാരാളം ഉപയോഗിച്ചിരുന്നതുകൊണ്ടു് പലസ്തീനായിലേ യഹൂദന്മാർക്കും ഇതു് പരിചിതമായിരുന്നിരിക്കണം.

ചോ. ബൈബിളിന്റെ ഈ ഗ്രീക്കുഭാഷാവിവർത്തനം ക്രിസ്തുമതപ്രചാരത്തെ സഹായിച്ചുവോ?

ഉ. ഉവ്വു്. പുറജാതിക്കാർ, പ്രത്യേകിച്ചു് ഗ്രീക്കുതാത്ത്വികന്മാർ ഇതുവായിച്ചു് രക്ഷകനെപ്പറ്റിയുള്ള ദീർഘദർശനങ്ങളും നല്ലതുപോലെ ഗ്രഹിച്ചിരുന്നു. തന്നിമിത്തം, വി പൗലോസു് സുവിശേഷം പ്രസംഗിച്ചപ്പോൾ ഇവരിൽ നിന്നു് അനേകംപേർ മാനസാന്തരപ്പെട്ടുകയുണ്ടായി.

From "Rays of Light"

ജൂബിലിദണ്ഡവിമോചനം

ജൂബിലിവർഷദണ്ഡവിമോചനങ്ങളും റോമ്മാപട്ടണത്തിനു വെളിയിൽ മറെറല്ലാസ്ഥലങ്ങളിലും പ്രാപിക്കത്തക്കവിധം അനുമതികരം ഈ കഴിഞ്ഞ ഏപ്രിൽ മൂന്നാം തീയതി പ. പിതാവു് പതിനാന്നാം പീയൂസു് പാപ്പാ തിരുമനസ്സുകൊണ്ടു് ഒരു തിരുവെഴുത്തു് വിളംബരംമൂലം പ്രസിദ്ധം ചെയ്തിരിക്കുന്നു. ദണ്ഡവിമോചനപ്രാപ്തിക്കായി ചെയ്യേണ്ട കൃത്യങ്ങളും ഏവയെന്നു്, പ. പിതാവിന്റെ "കോദ്സുപ്പേരിയോരേഅനൊ" എന്ന മേൽപറഞ്ഞ തിരുവെഴുത്തിലെ നിർദ്ദേശങ്ങളനുസരിച്ചു് ഓരോ രൂപതയിലും മെത്രാന്മാർ നിശ്ചയിക്കുന്നതായിരിക്കും. ഈ ദണ്ഡവിമോചനം ഒരിക്കലല്ലാ അതിനുള്ള കൃത്യങ്ങളും നിറവേറുമ്പോഴൊക്കെയും പ്രാപിക്കാമെന്നുകൂടെയുണ്ടെന്നുള്ളതും പ്രസ്താവ്യമാണു്.

യുവപ്രേഷിതരുടെ ശ്രദ്ധയ്ക്ക്.

കേരളത്തിൽ നിന്ന് അനേക യുവാക്കന്മാർ മാനസാന്തരകൃത്യം മുൻനിറുത്തി നാനാ മിഷ്യൻ രംഗങ്ങളിലേയ്ക്കും പോകുന്ന ഇത്തരുണത്തിൽ "ഈശോസഭ"യിൽ ചേരണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി അനേകരുടെ എഴുത്തുകൾ ഇവിടെ ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ അവരുടെ ശ്രദ്ധയെ താഴെ കൊടുത്തിരിക്കുന്ന സംഗതികളിലേയ്ക്ക് ക്ഷണിച്ചുകൊള്ളുന്നു.

1) ഈശോസഭയിൽ വൈദികരാകുവാൻ ആഗ്രഹിക്കുന്നവർ കുറഞ്ഞപക്ഷം ഇംഗ്ലീഷ് ഇൻറർമീഡിയറെങ്കിലും ജയിച്ചിരിക്കണം. എസ്. എസ്. എൽ. സി. മാത്രം ജയിച്ചവർക്കും ചിലപ്പോൾ പ്രവേശനം ലഭിച്ചെന്നു വന്നേക്കാം.

2) ബ്രദേഴ്സ് ആകുവാൻ ആഗ്രഹിക്കുന്നവർക്ക് ഇംഗ്ലീഷും ദേശീയഭാഷയുമല്ലാതെ ചില കൈത്തൊഴിലുകളും വശമായിരിക്കണം.

ഹിന്ദിഭാഷ നടപ്പിലിരിക്കുന്ന ബംഗാൾ മിഷ്യനിൽ ബൽജിയൻ ജസ്വീത്തരോട് ചേർന്ന് മാനസാന്തരവേല നടത്തുവാൻ ആഗ്രഹിക്കുന്നവർ

Rev. Fr. Superior.
St. Stanislaus' College
Huzaribag. N. India.

എന്നവിലാസത്തിലും

തമിഴ്ഭാഷ സംസാരിക്കുന്ന മധുരമിഷ്യനിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ

Rev: Fr: Vice Provincial
Cath. mission
Cantonment, Trichinopoly
Teppakulam.

എന്ന വിലാസത്തിലും

പാറ്റ്നാ മിഷ്യനിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ

Rev. Fr. Superior
Bishop's House,
Bankipore, Champaran Dt,

എന്ന വിലാസത്തിലും

ബൽഗാം മിഷ്യനിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ

Rev. Fr. Superior
R. C. Church, Belgaum.

എന്ന വിലാസത്തിലും അപേക്ഷകൾ അയയ്ക്കുക.

എന്നാൽ ഒരേസമയത്തുതന്നെ ഒന്നിലധികം ആളുകളോട് എഴുതി ചോദിച്ചു അനാവശ്യ കുഴപ്പങ്ങൾക്ക് ഇടയാക്കരുതെന്നു പ്രത്യേക അപേക്ഷ. ഒരാളിൽനിന്നു കൃത്യമായ മറുപടി കിട്ടിയശേഷമേ വേറെ എഴുത്തുകുത്തുകൾ തുടങ്ങാവൂ.

ഒരു ഹരിജനോദ്ധാരണ കേന്ദ്രം

(റവ. പി.)

ലോകത്തിലുള്ള ഏതൊരു സൽപ്രസ്ഥാനത്തിന്റേയും പ്രോത്സാഹിക യും മാർഗ്ഗദർശിനിയുമാണു് കത്തോലിക്കസഭാ. അവളുടെ ഇരുപതു് ശ തവത്സരത്തിലേ ചരിത്രം ഇതിനു് ഉത്തമസാക്ഷിയാണു്. ഹരിജനോദ്ധാ രണമാവുന്ന മഹാകൃത്യത്തിൽ ബദ്ധശ്രദ്ധയായിരിക്കുന്ന ഭാരതത്തിനു് ഭാരത ത്തിൽത്തന്നെ ഏതാട്ടശമായ പ്രവൃത്തിരംഗങ്ങളും ഉദ്ഘാടനം ചെയ്തു് ന വീനമെന്നു് പറയുന്ന ഈ പദ്ധതിക്കും മുന്നോടി ആയിത്തീർന്നിരിക്കുന്ന ക ത്തോലിക്കസഭയുടെ മാഹാത്മ്യം വർണ്ണിക്കുന്നതിനു് ശേഷനും ശേഷിപോ രാ. ഭാരതത്തിലേ ഹരിജനോദ്ധാരണ വേലയേപ്പറ്റിയുള്ള വൃത്താ ന്തങ്ങളും കേൾക്കുന്നതിനു് ഏതൊരു ദീനദയാലുവിനാണു് ഔത്സുക്യം ജ നിക്കാതിരിക്കുക. റാഞ്ചിമിസ്സ്യത്തിൽപ്പെട്ടതുംഇൻഡ്യയിൽകത്തോലിക്കസഭ നടത്തുന്ന ഹരിജനോദ്ധാരണ കേന്ദ്രങ്ങളിൽ എല്ലാംകൊണ്ടും പ്രഥമസ്ഥാ നംവഹിക്കുന്നതുമായ പോട്ടാനാഗപ്പൂർ രംഗത്തെക്കുറിച്ചു് സ്വല്പം പറയു ന്നതിനാണു് ഇവിടെ ഉദ്ദേശിക്കുന്നതു്. ഇവിടത്തെആദിമ നിവാസി കളുടെ സ്ഥിതി ഹൃദ്യനു—നു് മുമ്പു് എത്ര നികൃഷ്ടവും പരിതാപകരവും ആയിരുന്നെന്നും ഇന്നു് അവരുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാ സപരവുമായ അവസ്ഥ എന്തെന്നും ഗ്രഹിക്കുന്നവർക്കു് കത്തോലിക്കസഭപ്രേ ഷിതത്തെക്കാൾ പ്രവൃത്തിയെയാണു് സ്നേഹിക്കുന്നതെന്നു് നിഷ്പ്രയാസം മനസ്സിലാക്കാം. സാധുജനോൽകർഷത്തിൽ ഇതുപോലെ ഉറച്ചുനിക്കു ന്ന വേറൊരു സ്ഥാപനവും ഭൂമുഖത്തില്ലെന്നു് നിർമ്മത്സരബുദ്ധിയോടുകൂടി യ ഏതൊരു അന്വേഷകനും സമ്മതിക്കുകയും ചെയ്യും.

ഭാരതത്തിന്റെ മാതൃകായോഗ്യമായ ഒരു ഹരിജനോദ്ധാരണകേന്ദ്രം പോട്ടാനാഗപ്പൂർ ആണെന്നു് പ്രസ്താവിച്ചുവല്ലോ. ഏതൽസ്ഥലത്തേ ആ ദിമനിവാസികളുടെ ഇടയിൽ അദ്ഭുതാവഹമായ ഈ പ്രസ്ഥാനത്തിനു് ആരംഭമിട്ടതു് ഹൃദ്യനു—ലാണു്. ഇതിന്റെ മൂലകാരണം സർവ്വശക്തന്റെ അനുഗ്രഹവും പ്രേരണയും ദൈവപരിപാലനയുടെ പ്രവൃത്തിയുമാണു്. എ ന്നാൽ ഇതിന്റെ ആദ്യനകാരണം അതിസമർത്ഥനായ ഫാദർ ലയ്വെൻ സും ഭക്തിതീക്ഷ്ണതയാൽപ്രേരിതമായ തന്റെ ഉപായവിശേഷങ്ങളുമത്രെ. അന്യപദ്ധതികൾക്കെന്നപോലെ ഇതിനും അത്യന്താപേക്ഷിതമായ സാഹ ചര്യങ്ങളും വളരെ ഉപകരിച്ചു. ഏതൽസ്ഥലനിവാസികളായ മുണ്ഡാര രുടെ സ്ഥിതി അത്യധികം ദയനീയവും പോലീസുകാരിൽനിന്നും, ജന്മികൾ തൽപാർശ്വവർത്തികൾ, നാണയവ്യാപാരികൾ മുതലായവരിൽനിന്നും അ വർ അനുഭവിച്ചിരുന്ന ക്ലേശങ്ങളും അതിദുസ്സഹവുമായിരുന്നു. 'തേടിയ വ

ള്ളി കാലിൽ ചൂറി'എന്നതുപോലെ ഫാദർ ലയ്വൻസിൽ ഇവർ ഒരു രക്ഷാകർത്താവിനെ കണ്ടെത്തി. ഇദ്ദേഹം നാനാപ്രകാരേണ ഇവരെ സഹായിക്കുകയും അനീതികൾക്ക് കോടതിമുഖം നിവാരണമാർഗ്ഗം ഉണ്ടാക്കുകയും ചെയ്തു. ഇപ്രകാരം വിധികർത്താക്കന്മാരുടെ അനുകൂലമായിത്തീരുകയും അന്യായമായി സ്ഥലം കൈവശപ്പെടുത്തിയവർ അവ തിരിച്ചു കൊടുക്കേണ്ടിവരികയും ചെയ്തു. ഇങ്ങനെ ഭൗതികസഹായം ചെയ്തുകൊടുക്കുവോ,തന്റെ ആഗമനോദ്ദേശ്യത്തെയും കത്തോലിക്കാസഭകൊണ്ടുള്ള പ്രയോജനത്തെയുംപറ്റി അവരോടു പ്രസംഗിക്കുന്നതിൽ ഫാ.ലയ്വൻസ് ഒട്ടും ഉപേക്ഷകാണിച്ചില്ല. തത്ഫലമായി അനേകർ യോഗാർത്ഥികളായിച്ചേർന്നു ഒരു മഹാപ്രസ്ഥാനത്തിനു് ആരംഭമിട്ടു. ആഴ്ചകം കൂട്ടംകൂട്ടമായും ഗ്രാമങ്ങളം മുഴുവനായും ഇതിൽച്ചേർന്നു. നാലു വർഷത്തിനുള്ളിൽ ൬൦,൦൦൦ പേർ കത്തോലിക്കസഭയുടെ അംഗങ്ങളായി. വെറും എണ്ണംകൊണ്ടു തൃപ്തിപ്പെടാതെ ഫാ. ലയ്വൻസു് ഇവരുടെ ഇടയിൽ ഒരു ശരിയായ സംഘടന നിർമ്മിച്ചു. അവരിൽനിന്നു് സമർത്ഥന്മാരായ യുവാക്കളെ തിരഞ്ഞെടുത്തു് പ്രത്യേകം അഭ്യസിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഇപ്രകാരം കാലക്രമമനുസരിച്ചു് അദ്ദേഹം പാഠോപദേശികളെ അഭ്യസിപ്പിക്കുകയും ക്രമേണ ചിലപ്രദേശം സ്വന്തം സ്ഥാപിക്കുകയും ചെയ്തു. ബൽജിയം മിഷനിലേ പട്ടക്കാരിൽ സാധിക്കുന്നവരെയെല്ലാം ചോട്ടാനാഗപ്പൂരിലേയ്ക്കു് സ്ഥലംമാറ്റി. ഇതു് ക്രിസ്തുവർഷം ൧൮൫൯-ലായിരുന്നു. സ്ത്രീവിദ്യാഭ്യാസത്തിന്റെ നേതൃത്വം വഹിക്കുന്നതിനായി, ഒരു വർഷം കഴിഞ്ഞു് ഐർലണ്ടുകാരായ ഏതാനും സന്യാസിനികളും റാഞ്ചിയിൽ എത്തി. ബൽജിയത്തിൽനിന്നു് ക്രമേണ മിഷനറിമാർ വന്നുതുടങ്ങി ഈ ഹരിജനോദ്ധാരണകേന്ദ്രം പലപ്രദേശങ്ങളായി വിഭാഗിച്ചു് ഓരോന്നും രണ്ടുമൂന്നുപേരുടെ അധീനതയിലാക്കിയശേഷം ഭരണസൗകര്യത്തിനുവേണ്ടി ഫാ. ലയ്വൻസു് തലസ്ഥാനം റാഞ്ചിയിലേയ്ക്കു് മാറ്റി. ഇതോടുകൂടി വിദ്യാഭ്യാസം പൂർവ്വാധികം അഭിവൃദ്ധമാകുകയും പ്രാഥമികവിദ്യാലയങ്ങളും സർവ്വത്ര സ്ഥാപിതമാവുകയും ചെയ്തു. പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കിയവരിൽ നിപുണന്മാരായ ബാലന്മാർക്കു് ഹയ്യർഗ്രേഡു് വിദ്യാഭ്യാസം നൽകുന്നതിനായി ഓരോ പ്രദേശത്തിന്റേയും തലസ്ഥാനത്തു് ബോർഡിങ്ങുസ്കൂളുകളും, ചോട്ടാനാഗപ്പൂരിലേ എല്ലാ സ്കൂളുകളിലുംനിന്നും തെരഞ്ഞെടുക്കപ്പെട്ട അതിബുദ്ധിമാന്മാരായ വിദ്യാർത്ഥികൾക്കായി റാഞ്ചിയിൽ ഒരു വലിയ ബോർഡിങ്ങുസ്കൂളും ഉണ്ടാക്കി. ക്രിസ്തുവർഷം ൧൯൦൦-നുശേഷം ഈ ആദിമനിവാസികളുടെ ഭൗതികവും സാമൂഹ്യികവും ആയ കാര്യങ്ങളുടെ മേൽനോട്ടത്തിനായി മാത്രം ഒരു വൈദികൻ നിയമിതനായി. "സാമൂഹ്യപ്രവർത്തനങ്ങളുടെ അധിനേതാവു്" എന്നാണു് ഇദ്ദേഹത്തിന്റെ സ്ഥാനപ്പേരു്. മതപ

രമായ കർത്തവ്യങ്ങളിൽ നിന്ന് പരിപൂർണ്ണമായി വിമുക്തനായിരിക്കുന്നതു നിമിത്തം തന്റെ സമയം മുഴുവനും ഈ ജോലിക്കായി ചിലവഴിക്കുന്നു. ഇദ്ദേഹത്തിന്റെ അധികാരസീമയിലുള്ള സാമൂഹ്യപ്രവർത്തനങ്ങളിൽ പ്രാധാന്യം അർഹിക്കുന്നതു് 'ബാങ്കു്' എന്നു് ഇപ്പോൾ അഭിസംബോധനം ചെയ്യപ്പെടുന്ന കൊഓപ്പറേറ്റീവു് ക്രെഡിറ്റ് സൊസൈറ്റി (പരസ്പരസഹായസംഘം) ആണു്. ഇതു് പൊതുജനങ്ങൾക്കുവേണ്ടി പൊതുജനങ്ങളാൽ നടത്തപ്പെടുന്ന ഒരു സ്ഥാപനമാവുന്നു. ഇതിന്റെ പ്രസിഡന്റ് സാമൂഹ്യപ്രവർത്തനങ്ങളുടെ അധിനേതാവുതന്നെയാണെങ്കിലും ഭരണനിർവാഹകസമിതിയിലേ അംഗങ്ങളും ഉടമസ്ഥന്മാരും എല്ലാം ആദിമനിവാസികളാകുന്നു. ഫൻഡൻ-ൽ ഈ ബാങ്കിനു് ഏർ,സുഠർ ആദിമനിവാസികളുടെ വകയായി ഏകദേശം സു,ഠ,ഠഠഠ രൂപാ പ്രായോഗികമൂലധനമുണ്ടായിരുന്നു. ഇതുകൂടാതെ ഇവരുടെയിടയിൽ സംഭരണസംഘം അഥവാ ഗോളാ എന്നു് പേരുള്ള ഒരു സ്ഥാപനവും ഉണ്ടു്. അനാദിമദ്ദേശിയരുടെ പിടിയിൽനിന്നും വിട്ടുത്തി ഇവരെ കച്ചവടം അഭ്യസിപ്പിക്കുക എന്നതാണു് ഇതിന്റെ ഉദ്ദേശം.

ഇവരെ കൃഷി പഠിപ്പിക്കുന്നതിലും മിഷനറിമാർ വളരെ ശ്രദ്ധ പതിക്കുന്നുണ്ടു്. നുൽനുൽപ്പു്, നെയ്ത്തു് ആദിയായ കുടിൽവ്യവസായങ്ങളും നടപ്പാക്കിയിട്ടുണ്ടു്. വ്യവസായസ്കൂളുകളും സാങ്കേതികവിദ്യാലയങ്ങളും ഉദ്ഘാടനം ചെയ്യുന്നതിനിമിത്തം ഇൻഡ്യയുടെ നാനാഭാഗങ്ങളിലേയ്ക്കു് മാത്രമല്ല വിദേശങ്ങളിലേയ്ക്കുപോലും ഇവർ നെയ്ത്തുസാമാനങ്ങൾ അയക്കുന്നുണ്ടു്. റെംഗാരി, പ്പൂട്ടി, ടോംഗോ, റാഞ്ചി മുതലായ സ്ഥലങ്ങളിലെ വിദ്യാലയങ്ങളാണു് ഇവയിൽ പ്രമുഖങ്ങളായവ. സ്ത്രീജനങ്ങളെ 'ലേസു' നിർമ്മാണം പരിശീലിപ്പിക്കുന്നതിനായി റാഞ്ചിയിലുള്ള ഒരു പ്രത്യേകസ്ഥാപനംമൂലം ഠ൦൦-ൽ ചിലപ്പോൾ സ്ത്രീകൾ ഉപജീവിക്കുന്നുണ്ടു്. മിഷന്റെ ഓരോ ഡിസ്ട്രിക്ടിന്റേയും തലസ്ഥാനത്തു് ഓരോ ഔഷധശാലയുണ്ടു്. ഇവിടെനിന്നു് അതിദൂരത്തിൽ സഞ്ചരിക്കുന്ന ഉപദേശിമാരുടെ പക്കൽ സാധാരണആവശ്യമുള്ള മരുന്നുകളെല്ലാം സൂക്ഷിക്കുന്ന ഒരു പെട്ടിയുണ്ടു്. എല്ലാവർക്കും ഔഷധസഹായം ചെയ്യുന്നതു് സൗജന്യമായിട്ടാണു്. ഇപ്രകാരം റാഞ്ചിയുടെ തലസ്ഥാനത്തു് സകലത്തിന്റേയും നിർദ്ദേശകനായ ഒരു മെത്രാനും, തൽസഹായികളായി ഒരു വിദ്യാഭ്യാസാധിനേതാവും ഒരു സാമൂഹ്യപ്രവർത്തനപ്രമുഖനും വസിക്കുന്നു. ഈ പ്രവർത്തനങ്ങളെ എല്ലാം നടത്തിക്കൊണ്ടുപോകുന്നതു് ബൽജിയംകാരായ ഈശോസഭക്കാർ, ഈ ആദിമനിവാസികളിൽനിന്നുതന്നെയുള്ള വൈദികർ, സന്ന്യാസിനികൾ, ബൽജിയം സന്ന്യാസിനികൾ മുതലായവരാണു്. ഇവരെ സഹായിക്കുന്നതിനു് സൂശിക്ഷിതരായ ഉപദേശിമാരെ നിയമിച്ചിട്ടുണ്ടു്. ബാലികാബാലന്മാരെ പഠിപ്പിക്കുന്നതിനായി നാനാഭാഗത്തിലുള്ള ൭൦൦ സ്കൂളുകൾ ന

ടയുന്നു. ഇപ്രകാരം ചോട്ടാനാഗപ്പുരിലേ ഹരിജനങ്ങളുടെ ഉന്നമന ത്തിനായി ശ്രമിക്കുന്ന മിഷനറിമാരുടെ കീർത്തി ലോകം അറിയുന്നെങ്കിൽ അതിന്റെ കാരണം 'പ്രിയം കൃത്വാ മൗനം' (നല്ലകായ്യം ചെയ്തിട്ട് മൗനമ വലംബിക്കുക) എന്ന ഭർത്തൃഹരിവചനം ആയിരിക്കാം. അല്ല, വലതുകൈ പ്രവർത്തിക്കുന്നതു് എന്തെന്നു് ഇടതുകൈ അറിയാതിരിക്കട്ടെ എന്നു് നിർദ്ദേശിച്ച ആളിനെപ്രതി അല്ലയോ ഇവർ പുറപ്പെട്ടിരിക്കുന്നതു്. ഗാന്ധിയുടെ ഹരിജനോദ്ധാരണത്തെ നാടെല്ലാം വിളിച്ചറിയിക്കുന്നതിനും മറുമുള്ള ഹരിജനസേവാസമിതിപോലുള്ള സംഘടനകളും ഇവക്കും ഉണ്ടായിരുന്നെങ്കിൽ ഈ സാധു മിഷനറിമാരുടെ കീർത്തിധാവള്യവും വളരെ മുമ്പു് ലോകദൃഷ്ടിയിൽപ്പെട്ടുമായിരുന്നു.

ശ്രോത്രം ശ്രുതേനൈവനകുണ്ഡലേനദാനേനപാണിർനതുകങ്കണേന||
വിഭാതികായ: കരുണാപരാണാം പരോപകാരൈർനതു ചന്ദനേന||

കണ്ണത്തിന്റെ ഭൂഷണം കുണ്ഡലമല്ല ശാസ്ത്രശ്രവണമത്രെ. കരത്തിന്റേതു് കൈവളയുമല്ല, പ്രത്യുതദാനമാവുന്നു. കരുണാപരന്മാരുടെ ശരീരം ശോഭിക്കുന്നതു് ചന്ദനംകൊണ്ടല്ല, പ്രത്യുത പരോപകാരങ്ങളം കൊണ്ടത്രെ.

ഇപ്രകാരം സംഘടന, സഹകരണം, പ്രവർത്തനകേന്ദ്രീകരണം, വൈയവസായികപരിശ്രമങ്ങളം, ഹരിജനങ്ങൾക്കു് ഏറ്റവും പറ്റിയ വിദ്യാഭ്യാസരീതി, നാനാവിധസാമൂഹ്യപ്രയത്നങ്ങളം, സാമ്പത്തികോദ്ധാരണമാർഗ്ഗങ്ങളം, സ്വദേശവൈദികരുടെ വർദ്ധനവിനുള്ള ഉപായങ്ങളം മുതലായി അഭിവൃദ്ധിക്കുള്ള നാനാവശങ്ങളിൽ യഥാശക്തി ശ്രമിക്കുന്ന റവഞ്ചി ശ്രുപത നമ്മുടെ ഭാരതത്തിനു് ഒരു ചൂഡാമണി തന്നെ.

ഇത്രയുമല്ല; ഹരിജനോദ്ധാരണത്തിൽ സർവാത്മനാ ബദ്ധശ്രദ്ധരായിരിക്കുന്നമിഷൻകേന്ദ്രങ്ങളംഇൻഡ്യയിൽത്തന്നെഇനിയുംഉണ്ടു്. മറിയാബാഡു്, കൃഷ്ണപുർ, സലേഷ്യൻവൈദികരുടെ നേതൃത്വത്തിലുള്ള ആസ്സാം മിഷൻ, പാറ്റ്നായിലേ മാഹീർ, സൻറാം മുതലായ ജാതിക്കാരുടെ ഇടയിലുള്ള പരിശ്രമങ്ങൾ, ഡാക്കാമിഷൻ ഇങ്ങനെ എണ്ണിത്തുടങ്ങിയാൽ ഏതൊരു സഹൃദയനും അന്ധാളിച്ചുപോവും. എന്നാൽ പന്ത്രണ്ടുകൊല്ലം പട്ടരുടെക്രൂടെവസിച്ചിട്ടു് കൂട്ടമ്മി മുമ്പിലോ, പുറകിലോ എന്നു് സംശയിക്കുന്നവരെപ്പോലെ കത്തോലിക്കസഭയുടെ ഏതാട്ടിശപരിശ്രമങ്ങളെ സന്ദിഗ്ദ്ധദൃഷ്ടിയോടെ വീക്ഷിക്കുന്നവരുടേയും "ഞാനേതുമറിഞ്ഞില്ലേ രാമനാരായണാ" എന്നമട്ടിൽ ഇതുകളെ അഗണ്യകോടിയിൽത്തള്ളുന്നവരുടേയും സംഖ്യ ചുരുങ്ങുമല്ല. നന്മവിതച്ചു് കൃതഘ്നത കൊയ്ത സ്വനാഥനോടു് കത്തോലിക്കാസഭ അനുരൂപയാവുന്നതു് ആശ്ചര്യമോ ?

വി. ജോൺബോസ്കോയുടെ ഒരു സ്വപ്നം.

സ്വപ്നം സാധാരണ അനുഭവവും സങ്കല്പനാശക്തിയും സമ്മേളിച്ചുണ്ടാവുന്ന ഫലമാണല്ലൊ. എന്നാൽ വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന പൂർവ്വയൗസേപ്പിന്റെ സ്വപ്നംപോലെ ചിലതു് ഭാവിസൂചകങ്ങളായും തീരാറുണ്ടു്. ഏതാട്ടശമാവുന്ന ഒന്നാകുന്ന വി. ജോൺ ബോസ്കോയ്ക്കു് ഒൻപതാമത്തെ വയസ്സിൽ ഉണ്ടായതു്. ഒമ്പതാം പീയൂസു് പാപ്പായുടെ ആജ്ഞാനുസരണം ഈ വിശുദ്ധൻതന്നെ ലേഖനംചെയ്ത ഈ സ്വപ്നം ചുവടെ ചേർക്കുന്നു.

"അനേകം ബാലന്മാർ വിനോദങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്ന ഒരു കളിസ്ഥലത്തു് ഞാൻ നില്ക്കുന്നതായിത്തോന്നി. സഭ്യേതരമായ വചനങ്ങളും സംസാരിച്ചു ചിലരെ ശിക്ഷിക്കുന്നതിനായി 'നിങ്ങളും അതു് ചെയ്യരുതു്' എന്നു പറഞ്ഞു് ഞാൻ വടി ഓങ്ങി. ഇപ്രകാരം കുട്ടികളുമായി ഇടഞ്ഞുകൊണ്ടിരിക്കുമ്പോൾ, തോളിൽ വെള്ളവസ്ത്രം ധരിച്ചവനും കുലീനനുമായ ഒരു പുരുഷൻ എന്റെ ഒരു വശത്തു് പ്രത്യക്ഷപ്പെട്ടു. പ്രഭാപൂരം നിമിത്തം അയാളുടെ മുഖത്തു് നോക്കുവാൻ എനിക്കു് കഴിഞ്ഞില്ല. എന്നെ വിളിച്ചു് ബാലഗണത്തെ എനിക്കു് ഭരമേല്പിച്ചുകൊണ്ടു് അദ്ദേഹം ഇപ്രകാരം പറഞ്ഞു. "പ്രഹരങ്ങളം കൊണ്ടല്ല, ക്ഷമയും സ്നേഹവും മൂലമാണു് നീ അവരെ ഇഷ്ടന്മാരാക്കേണ്ടതു്. അതുകയാൽ അവരോടു് ഇപ്പോളം പാപമാലിന്യത്തെക്കുറിച്ചും പുണ്യത്തിന്റെ ഉൽകൃഷ്ടതയെപ്പറ്റിയും ഉപദേശിക്ക." ഇതുങ്കൽ മനസ്സു് കലങ്ങി എനിക്കു് ഭയമായി. മാത്രമല്ല അജ്ഞനും ദരിദ്രനുമായ ഞാൻ യുവാക്കളെ മതപരമായി അഭ്യസിപ്പിക്കുവാൻ കേവലം അപ്രാപ്തനാണെന്നു് അറിയിക്കുകയും ചെയ്തു. ഇതുമായപ്പോളം കുട്ടികളെല്ലാം ഞങ്ങളം ഇരുവരുടേയും മുഖം ഓടിക്കുടി. അപ്പോൾ "മറുകായുങ്ങളം എങ്ങനെയുമിരിക്കട്ടെ, ഈ അസാധ്യകൃത്യം ചെയ്യുവാൻ എന്നോടു കല്പിക്കുന്നവാൻ ആരാണു്?" എന്നു് ആ അപരിചിതനോടു ഞാൻ ചോദിച്ചു. "അസാധ്യമായിത്തോന്നുന്നതുകൊണ്ടു് അനുസരണയും ജ്ഞാനസമ്പാദനവുംമൂലം നീ അതു് സാധ്യമാക്കിത്തീർക്കണം." "ഇതിനു് ഉപയുക്തമായ വിദ്യ ഞാൻ എങ്ങനെ സമ്പാദിക്കും" എന്നു് ഞാൻ വീണ്ടും ചോദിച്ചു. "നിന്നെ പണ്ഡിതനാക്കുന്നവളും ജ്ഞാനത്തിന്റെ അവശ്യസഖിയുമായ ഒരു നായികയുടെ പക്കൽ ഞാൻ ആക്കാം." "അവൾ ആരാകുന്നു? ഏതു് അധികാരത്തിലാകുന്ന എന്നോടു് കൽപിക്കുന്നതു്" എന്നു് ഞാൻ തുടർന്നു ചോദിച്ചു. "ആർക്കു് ദിവസേന മൂന്നുതവണ സ്വ

സ്ത്രീ ചൊല്ലണമെന്നു് നിന്നെ അമ്മ പഠിപ്പിച്ചുവോ ആ സ്ത്രീയുടെ മകനാണു് ഞാൻ" "അപരിചിതന്മാരുമായി സംസർഗ്ഗം ചെയ്യരുതെന്നു് എന്റെ അമ്മ എന്നെ മുക്കീട്ടുണ്ടു്. അതുകൊണ്ടു് അങ്ങയുടെ പേരു പറഞ്ഞാലും, അല്ലെങ്കിൽ ഞാനിതാ പോവുന്നു." "ഇച്ചോദ്യം എന്റെഅമ്മയോടു് ചോദിക്കു," എന്നു് അയാൾ പ്രതിഭാഷിച്ചു.

അപ്പോൾ നക്ഷത്രങ്ങളുടേതുപോലെ ശോഭയുള്ള വസ്ത്രം ധരിച്ചിരിക്കുന്നവളും തേജസ്വിനിയുമായ ഒരു സ്ത്രീരത്നം അദ്ദേഹത്തിന്റെ സമീപെ നിൽക്കുന്നതായി ഞാൻ കണ്ടു. എന്റെ ആകുലചിത്തതകണ്ടു് എന്റെ കൈയ്യുംപിടിച്ചു് ആ നാഥ "നോക്കു" എന്നു് ഉച്ചരിച്ചപ്പോഴേക്കും ബാലവൃദ്ധം അപ്രത്യക്ഷരായി. തൽസ്ഥാനത്തു് ആട്ടിൻപറ്റം, പട്ടി, പൂച്ച, കുതിര മുതലായ ജന്തുക്കൾ കാണപ്പെട്ടു. ഈ ദിവ്യസ്ത്രീ തുടർന്നു പറഞ്ഞതായതു് "ഇനാകുന്നു നിന്റെ പ്രവൃത്തിരംഗം. വിനീതനും ധൈര്യവാനും ശക്തിമാനും ആയിരിക്ക. തന്മൂലം ഈ മൃഗങ്ങളിൽക്കാണുന്ന മാറ്റങ്ങൾ എന്റെ കുട്ടികളിലും നീ വരുത്തണം." വീണ്ടും ഞാൻ നോക്കിയപ്പോൾ മുൻപറഞ്ഞ മൃഗങ്ങളുടെ സ്ഥാനത്തു് കണ്ടതു് കുറെ ആട്ടിൻകുട്ടികളെയാണു്.

സ്വപ്നം ഇവിടംകൊണ്ടും അവസാനിച്ചില്ല. ഇതിന്റെ എല്ലാം അർത്ഥം പറഞ്ഞുതരണമെന്നു് അത്യുത്സാഹപൂർവം ഞാൻ ആ സ്ത്രീരത്നത്തോടു് യാചിച്ചു. എന്നാൽ അവൾ എന്റെ തലയിൽ'കൈവച്ചു് 'യഥാസമയം നീ എല്ലാം അറിയും' എന്നു് പറഞ്ഞതേയുള്ളു. ഇത്രയുമായപ്പോൾ ഞാൻ ഉണർന്നു. സുശിക്ഷിതമല്ലാതിരുന്ന അക്കുട്ടിയുമായി നടത്തിയ പോരാട്ടംമൂലം എന്റെ മുഖവും കൈകളും അപ്പോഴും വിറയ്ക്കുന്നുണ്ടായിരുന്നു. ഈ സ്വപ്നത്തിലേ ഓരോ ചെറിയ സംഭവങ്ങളുടെപോലും സ്മരണാശക്തി മൂലം രാത്രിശേഷം നിദ്രാഹീനനായി കഴിച്ചുകൂട്ടേണ്ടിവന്നു.

രാവിലെ ഈ സ്വപ്നത്തെപ്പറ്റി ഞാൻ എന്റെ സഹോദരങ്ങളോടു വിവരിച്ചുപറഞ്ഞു. എന്നാൽ അവർ ഒന്നു മന്ദഹസിച്ചതേയുള്ളു. "ചിലപ്പോൾ നീ ഒരു ലഹളത്തലവനാകുമായിരിക്കും" എന്നു് ജ്യേഷ്ഠനായ അന്തോനിപറഞ്ഞു. ഞാൻ ഒരു അജപാലകനാകുമെന്നാണു് സോദരനായ

നിവർത്തനം.

ഈ ആണ്ടു് ആരംഭിച്ചതിൽപിന്നെ എത്രയോ പേർ ഇഹലോകത്തോടു് അന്ത്യയാത്ര പറഞ്ഞിട്ടുണ്ടെന്നു് പര്യാലോചിക്കുമ്പോഴാണു് ജീവിതവും മരണവും തമ്മിലുള്ള സുദൃഢബന്ധം ശരിയായി മനസ്സിലാവുന്നതു്. കഴിമാടത്തുങ്കൽ ഒട്ടും പ്രയോജനമില്ലാത്ത അനേക കാര്യങ്ങളും ഈ ലോകത്തിലുണ്ടു്.

ജോസഫ് വ്യാഖ്യാനിച്ചതു്. വൈദികനായി ഭവിക്കുമെന്നു് അമ്മ ഊഹിച്ചു. എന്നാൽ "ഇതൊന്നും ക്ലാസ്സിക്കേണ്ടാ സ്വപ്നങ്ങളും നിരർത്ഥകങ്ങളാണു്" എന്നതു വല്യമ്മ പറഞ്ഞതു്. ഈ അവസാനത്തെ അഭിപ്രായത്തോടു് ഞാൻ പരിപൂർണ്ണമായി സംയോജിക്കുകയും ചെയ്തു. എന്നുവരികിലും ഈ സ്വപ്നം വിസ്മരിക്കുന്നതിനു് എനിക്കു് ഒട്ടുംതന്നെ സാധിച്ചില്ല. എന്റെ അനന്തര ജീവിതഗതികളും ഇതിനെ ഏതാണ്ടു് സാർത്ഥമാക്കിത്തീർത്തു. എന്റെ അഭിജനങ്ങളോ എന്നാൽ ഇതിനെ തീർത്തു് നിസ്സാരമാക്കിക്കളയും ചെയ്തു. എങ്കിലും ക്രിസ്തുവർഷം 1–ൽ റോമിൽവെച്ചു് പ. പിതാവുമായുള്ള അഭിമുഖസംഭാഷണത്തിൽവെച്ചു് അദ്ദേഹത്തിന്റെ കല്പനപ്രകാരം എന്റെ ആയുസ്സിലെ പലപല സംഭവങ്ങളെപ്പറ്റി പറഞ്ഞുകൂട്ടത്തിൽ ഇതും വിസ്തരിക്കേണ്ടിവന്നു. ഇതിനെ സലേഷ്യൻ സഭാംഗങ്ങളുടെ പ്രയോജനത്തിനും ഉത്തേജനത്തിനുമായി കഴിയുന്നത്ര വിവരിച്ചു് എഴുതണമെന്നു് പ. പിതാവു് പ്രത്യേകം ആജ്ഞാപിക്കയും ഉണ്ടായി. (ഇവിടെ ജോൺ ബോസ്കോ ഈ സ്വപ്നത്തിന്റെ പ്രധാനഭാഗങ്ങളെ സംപർശിക്കുന്നതേയുള്ളു. ഇതു കഴിഞ്ഞുള്ള പതിനെട്ടു വർഷത്തിനിടയ്ക്കു് ഈ സ്വപ്നംതന്നെക്കുറിച്ചു കൂടുതൽ വിവരങ്ങളോടുകൂടി തനിക്കു പലപ്പോഴും ഉണ്ടായിട്ടുണ്ടു്. തന്റെ ആയുഷ്കാലത്തിന്റെ അന്ത്യവർഷങ്ങളിൽ ഇതിന്റെ ചില അപ്രധാനഭാഗങ്ങളും ഒന്നുകൂടി വിസ്തരിച്ചുകണ്ടതായി ജോൺബോസ്കോ സാക്ഷിക്കുന്നു. ഇപ്രകാരം ഈ ദർശനങ്ങളിൽ സ്വസഭയുടെ സ്ഥാപനം, പ്രചാരം, അതിനു് നേരിട്ടുന്നവിഘ്നങ്ങളും, തൽപ്രതിവിധിഎന്നിവയെല്ലാം സൂക്ഷ്മമായി കാണുകയുണ്ടായി. ഇതാണു് അത്യന്തദുർഘടമായ വിപത്തുകളിൽപോലും തനിക്കുണ്ടായിരുന്ന ശാന്തതയുടേയും വിജയനിശ്ചയത്തിന്റെയും രഹസ്യം.)

ആകയാൽ ഈ സ്വപ്നം സാക്ഷാൽ ഒരു ദൈവവിളിയും ദൈവകല്പനയുമായിരുന്നു. ദീർഘദർശിയായ ജരേമിയാസ്സിനു് യൗവനത്തിലുണ്ടായ ഒരു ദർശനത്തോടു് ഇതിനെ തോലനപ്പെടുത്താം. രണ്ടുകൂട്ടരും തങ്ങളുടെ അശക്തതയെ സ്വയം പ്രഖ്യാപനം ചെയ്യുന്നുണ്ടു്. "എന്റെ കർത്താവായ ദൈവമേ! ഞാൻ ഒരു ബാലനാകയാൽ സംസാരിക്കുവാൻ വശമുള്ളവനല്ലയെന്നു് അറിയുക" "കർത്താവു് ഉത്തരം പറഞ്ഞതാവിതു് 'ഒരു കുട്ടിയാണെന്നു് പറയരുതു്. എന്തുകൊണ്ടെന്നാൽ ഞാൻ അയയ്ക്കുന്നവരുടെ പക്കലെല്ലാം നീ പോവണം. ഞാൻ ആജ്ഞാപിക്കുന്നതെല്ലാം സംസാരിക്കുകയും വേണം. രക്ഷയ്ക്കായി ഞാൻ നിന്നോടുകൂടിയുള്ളതുകൊണ്ടു് അവരുടെ സാന്നിധ്യം നീ ഭയപ്പെടേണ്ടതില്ല' എന്നു് കർത്താവു് പറയുന്നു. അവർ നിനക്കെതിരായി പോരാടുകയും വിജയിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ സംരക്ഷണത്തിനായി ഞാൻ നിന്നോടുകൂടിയുണ്ടു്. (ജെരേ. 1, 6–8. 19)

ഈ സ്വപ്നത്തിന്റെ യഥാർത്ഥീകരണത്തെ പരാമർശിച്ചുകൂടി അല്പം ചർച്ചചെയ്തിട്ട് ഈ ലേഖനം സമാപിപ്പിക്കാം. ജോൺബോസ്കോ സലേഷ്യൻ സഭ, മേരീപുത്രികൾ എന്ന സഭ, ഇവരുടെ സഹായത്തിനായി 'സലേഷ്യൻ സഹകർത്താക്കളുടെ സഖ്യം, മുതലായവയുടെജനയിതാവാണ്. യുവജനോദ്ധാരണത്തിനു് പര്യാപ്തമായ പ്രാർത്ഥനാശാലകൾ, സാധനാലയങ്ങൾ, കച്ചവടക്കളരികൾ, കാർഷികപാഠശാലകൾ, ബോർഡിംഗ് സ്കൂളുകൾ മുതലായവ സ്ഥാപിച്ചു. ബാലന്മാരുടെയും പുരുഷപ്രാപ്തി വന്നവരുടേയും മദ്ധ്യേ ദൈവവിളി പോഷിപ്പിക്കുക, പ്രൊഫിഷീകരണപ്രചാരണം, വേദാധ്യാപനം, പാഠപുസ്തകങ്ങളെ സന്മാർഗ്ഗപരങ്ങളാക്കുക, ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രേഷിതകേന്ദ്രങ്ങൾ ഏർപ്പെടുത്തുക, പാപ്പാസ്ഥാനത്തെ സഹായിക്കുക ഇവയാണ് ഇവരുടെ ചില നടനരംഗങ്ങൾ. "നിന്നെ ഞാൻ ജാതികൾക്കും രാജ്യങ്ങൾക്കും മേൽ സ്ഥാപിച്ചിരിക്കുന്നു. രാജാക്കൾക്കും....രാജകുമാരന്മാർക്കും... പട്ടക്കാർക്കും....ഈ നാട്ടിലെ ജനങ്ങൾക്കും ആയി നിന്നെ ഒരു ലോഹദുർഗ്ഗമായി നിർമ്മിച്ചിരിക്കുന്നു." എന്നാജെരേമിയാസ്സിന്റെ പ്രവചനങ്ങൾ ഇസ്സുന്ദർഭത്തിൽ സ്മരണീയങ്ങളാണ്.

ദിവ്യബലി.

(വിദ്വാൻ, ക്ലെമറാം സ്ക്കറിയാ ഡീക്കൻ)

ക) സ്വർഗ്ഗാധിരൂഢസമരാർജ്ജിതപുത്രരാ-
മൊരുനരാവലിയേ ഭൂശമേശു! നീ
ഒരുമയിൽ തവയി ചേർപ്പൊരു ദിവ്യസൽ-
കർമ്മണ; മാരണ മാഹകമാത്രയം.

ഖ) ചിരകാലമടുത്തിതി പാർശ്വഗാ
കരമൊടന്തിമ ഭോജനശാലയിൽ
പരമണവൈരു പൂപകപൂജയേ
പരമ! പാരമപാര! നിനക്കുഞ്ഞാൻ.

ഗ) പരിചൊടപ്പമെടുത്തു നമിച്ചു നീ-
യരിയ യാഗമണച്ചതു, മുന്നതം
കരിശിലർപ്പിതമാബലിയും ദയാ-
ഭരിത! കാരിത നാമ! സമാനമാം,

൪) ദുരിതമാകെ ഹരിച്ചു നരക്കു സ-
ച്ചരിതവാഞ്ഛ മനസ്സിലിയറ്റിമേൽ
തരികെ മോക്ഷപദത്തിലണച്ചിടും
തപരിതമീരിതമീബലിനിശ്ചയം.

൫) നരനുമാപരനും സതതം പര-
സ്പരനിബന്ധിതരെന്ന മഹാശയം
ധരയിതിൽസ്ഫുടമാക്കിടുമീവരം
ശരണമാം രണമാം നരജീവിതേ.

൬) സുകൃതിയാം ശെമയോൻ നിജമാലയം
പ്രകൃതസൽകൃതി ചെയ്വതിനായ്പുരാ
അകൃതകാദരമേകിയമൂലമാ-
പ്രകൃതിയും കൃതിയും ബഹുധന്യരായ്.

൭) പ്രതിദിനംവരവൈദിക വാക്കിനാ-
ലതിമുദാബലിപീഠമതിൽധൃതം
ച്യുതിവരാ,തൊരു പൂപസമാനമാം
സ്ഥിതി,ചരാതിചരാധിപനേകുപു നീ.

൮) മനുജമോക്ഷ മഹാപദമൂഴിമേ!
തനുയമാദി സപത്നവിനാശമേ!
അനുദിനാത്മിക ഭോജനമേ! സദാ-
തനുഭവാനുഭവാഹ്വമകാരണം.

൯) സകലമർത്ത്യരു—മാസ്പവിരരും
മികവെഴും ധനസാഥരുമന്യരും
പകവെടിഞ്ഞു നമിപ്പൊരു പൂപമെ-
ന്നകമലം കമഴ്ത്തടിയാക്കണം.

൧൦) ലോകാവസാനവിധിചെയ്വതിനേശുനാഥൻ
നാകാധിവാസികളൊടൊത്തുവരുംവരെയുള്ളം
പ്രാകാരമായ്ഭവസമിത്തിലജയ്യദിവ്യ
ശ്രീകാളമീബലിനരക്കു തുണച്ചിടട്ടേ.

ജപാപ്പോസ്തലന ഖ്യം.

1 ജൂൺമാസത്തെ പൊതുനിയോഗം.

"മിശിഹാകർത്താവിന്റെ ഇടവിടാതുള്ള പ്രാർത്ഥനയെ നാം അനുകരിക്കുന്നതിനു"

പഠിക്കണമെന്നാണു് പ. പിതാവു് ഈ ജൂൺമാസത്തിൽ ഈ സംഖ്യാംഗങ്ങളോടു് ആവശ്യപ്പെടുന്നതു്. ജൂൺമാസമെന്നു തിരുഹൃദയവണക്കത്തിനും, തൻമൂലം തിരുഹൃദയാനുകരണത്തിനും പ്രത്യേകവിധത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന മാസമാണല്ലോ. തിരുഹൃദയാനുകരണത്തിൽ, ഈശോയുടെ തിരുഹൃദയം ഇടവിടാതെ മനുഷ്യർക്കുവേണ്ടി ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ മദ്ധ്യസ്ഥപ്രാർത്ഥനയേയാണു് നമുക്കു മാതൃകയായി ഈ അവസരത്തിൽ അങ്ങേ വികാരി കാണിച്ചു തരുന്നതു്. മനുഷ്യഹൃദയം അനന്യസാധാരണമായ വിധത്തിൽ ദൈവത്തിൽ നിന്നും, സ്വാർത്ഥീയചിന്തകളിൽ നിന്നും അകന്നു് ദൈവദ്വേഷവും പ്രമാണലംഘനവും ലോകനടപ്പെന്നവണ്ണം ആയിത്തീർന്നിരിക്കുന്ന ഇക്കാലത്തു്, തിരുഹൃദയഭക്തന്മാർക്കു് ഇതിനെല്ലാം ഒരു പ്രതിവിധിയായി ശേഷിച്ചിരിക്കുന്നതു് ഇടവിടാതെയുള്ള പ്രാർത്ഥനയും ദൈവതിരുമുമ്പിൽ നിന്നു് "Parce Domine parce populo tuo" (പൊറുക്കേണമേ കർത്താവേ' നിന്റെ ജനത്തെ നീ അനുഗ്രഹിക്കേണമേ.) എന്നുള്ള നിലവിളിയും അല്ലാതെ മറ്റെന്താണു്? എന്നാൽ ഭക്താത്മാക്കളെ ഇതിലേയ്ക്കു പ്രേരിപ്പിക്കുന്നതിനായി ഇടവിടാതെയുള്ള പ്രാർത്ഥനയുടേയും മദ്ധ്യസ്ഥത്തിന്റെയും ഒരു ഉത്തമമാതൃക നമ്മുടെ കർത്താവിന്റെ തിരുഹൃദയം തന്നെയാണു്. സാക്ഷാൽ ഇടവിടാതെയുള്ള ഒരു മദ്ധ്യസ്ഥപ്രാർത്ഥനയാണു് ഈ തിരുഹൃദയത്തിന്റെ ആദ്യത്തെ ജീവിതഘട്ടം മുതൽ നാം കണ്ടുവരുന്നതു്. കന്യകാമറിയത്തിന്റെ തിരുവുദരത്തിൽ താൻ കഴിച്ചുകൂട്ടിയ ഒൻപതുമാസക്കാലം മുഴുവൻ മനുഷ്യകുലരക്ഷണത്തിനായിമാത്രം നിത്യപിതാവിനോടു് പ്രാർത്ഥിക്കയല്ലായിരുന്നോ? തന്റെ സ്വാർത്ഥീയമഹിമാവിനെവിട്ടു്, അടിമവേഷധാരിയായി "ഭൂലോകദോഷ"ത്തെ മാറ്റുന്നതിനു് നിത്യപിതാവിൻപക്കൽ ഒരു പരിഹാരബലിയായിരുന്നെത്തന്നെ ഈ ഒൻപതുമാസവുംകഴിച്ചുവെയ്ക്കുകയായിരുന്നില്ലേ? അതുപോലെതന്നെ താൻ എത്രയുത്സാഹത്തോടും തീക്ഷ്ണതയോടുംകൂടെയാണു് തന്റെ ദീർഘമായ രഹസ്യജീവിതത്തിൽ നമുക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുള്ളതും നമ്മുടെ മദ്ധ്യസ്ഥം വഹിച്ചിട്ടുള്ളതും. പിന്നീടു് പരസ്യജീവിതത്തിൽ തന്റെ പ്രാർത്ഥനയും പരിഹാരപ്രവൃത്തിയും ഒന്നുകൂടെ വർദ്ധിച്ചതേ

ഉള്ളു. ഈ പരസ്യജീവിതം ആരംഭിക്കുന്നതുതന്നെ നാല്പതു ദിവസത്തെ മുടങ്ങാതെയുള്ള പ്രാർത്ഥനയുടേയും ഉപവാസത്തിന്റേയും ശേഷമാണു്. ഏതു കാര്യസാദ്ധ്യത്തിനും പ്രാർത്ഥനയേയാണു തന്റെ ശക്തിയേറിയ കരുവായി താൻ ഉപയോഗിച്ചിരുന്നതു്. പ്രസംഗത്തിലും സൽപ്രവൃത്തിയിലും പകൽ മുഴുവൻ ചിലവഴിച്ചതിന്റെ ശേഷം രാത്രിമുഴുവൻ പ്രാർത്ഥനയിൽ താൻ ചിലവഴിച്ചതായി ഏവൻഗേലിസ്റ്റാമാർ സാക്ഷിക്കുന്നു. ജോലിക്കുട്ടതലോ സമയക്കുറവോ പ്രാർത്ഥനയിൽനിന്നും ഒഴിവാക്കുന്നതിനു് ഒരു കാരണമായി താൻ ഒരിക്കലും വിചാരിക്കയോ അതനുസരിച്ചു് പ്രവർത്തിക്കയോ ചെയ്തിട്ടില്ല. തന്റെ ഏതു പ്രവൃത്തിയും പ്രാർത്ഥനയോടുകൂടിയുടങ്ങുന്നു. താൻ അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തപ്പോഴും ലാസറിനെ ഉയിർപ്പിച്ചപ്പോഴും, വിശുദ്ധകുർബാന സ്ഥാപിച്ചപ്പോഴും, തന്റെ പങ്കപ്പാടിനു മുൻപായും താൻ പ്രത്യേക വിധത്തിൽ പ്രാർത്ഥിക്കുന്നതായി നാം കാണുന്നു. സങ്കടത്തിലും വിഷമത്തിലും വേദന അനുഭവിക്കുമ്പോഴും പ്രാർത്ഥനയെ കൈവിടുകയോ ഉപേക്ഷിച്ചില്ല. ഗത്സേമോൻ തോട്ടത്തിൽ താൻ അതിയായ വേദനയും സങ്കടവും അനുഭവിക്കയിൽ സാമാന്യത്തിലധികം ദീർഘിച്ചു് പ്രാർത്ഥിക്കയത്രെ ചെയ്തതു്. കുരിശിൽ മരണപ്രമാദം അനുഭവിക്കയിലും "എന്റെ ദൈവമെ, എന്റെ ദൈവമെ" എന്നു് വിളിച്ചു് പ്രാർത്ഥിക്കുന്നു.

ഇപ്രകാരം ജീവിതംമുഴുവൻ ഇടവിടാതുള്ള പ്രാർത്ഥനയിൽചിലവഴിച്ച മിശിഹാകർത്താവു് നമ്മോടു് എത്ര ശക്തിയായിട്ടാണു്, നാമും ഇടവിടാതെ പ്രാർത്ഥിക്കണമെന്നു് ആവശ്യപ്പെടുന്നതു്. "ചോദിക്കുവിൻ....അന്വേഷിപ്പിൻ..... മുട്ടുവിൻ ..." എന്നുപറഞ്ഞു് നിരന്തരമായുള്ള പ്രാർത്ഥനയുടെ ആവശ്യത്തെതാൻ ക്ഷണിക്കുന്നു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമുണ്ടെന്നു് പഠിപ്പിക്കുന്നതിനായി "അസഹ്യക്കാരൻ സ്നേഹിതന്റെ" ഉപമയെനമുക്കു് പറഞ്ഞുതരുന്നു. അതിനാൽ നമ്മുടെ പ്രാർത്ഥനകൊണ്ടു് നാം ദൈവത്തെ ഒരു വിധത്തിൽ പറഞ്ഞാൽ അസഹ്യപ്പെടുത്തണമെന്നും, നമ്മുടെ പ്രാർത്ഥനയുടെ കാതൽ നാം ഒട്ടേറെ സംസാരിക്കുന്നതിലോ പറയുന്നതിലോ അല്ലാ അടങ്ങിയിരിക്കുന്നതെന്നും, പരീശന്മാരേപോലെ നാം മറവുള്ളവരെ കാണിക്കുന്നതിനായി പ്രാർത്ഥിക്കരുതെന്നും, നേരെമറിച്ചു് എളിമയോടുംഹൃദയശുദ്ധതയോടുംകൂടി പ്രാർത്ഥിച്ച ചുങ്കക്കാരനെ അനുകരിക്കണമെന്നും, ദൈവത്തിങ്കലേയ്ക്കു് നമ്മുടെ ഹൃദയത്തെ ഉയർത്തുന്നതിനായിരിക്കണം അല്ലാതെ മനുഷ്യരെ ബോധിപ്പിക്കുന്നതിനല്ലായിരിക്കണം പ്രാർത്ഥനയിൽ നമുക്കുള്ള ഉദ്ദേശം, എന്നിങ്ങനെ എത്രയോ സംഗതികളാണു് നമ്മുടെ രക്ഷാനാഥൻ പ്രാർത്ഥനയെ സംബന്ധിച്ചു് പഠിപ്പിച്ചിരിക്കുന്നതു്. ക്ര

ടാതെ എത്രയും വിശിഷ്ടവും എല്ലാം അടക്കിക്കൊള്ളുന്നതും മഹത്തായതുമായ ഒരു പ്രാർത്ഥനയെ താൻതന്നെ നമ്മെ പഠിപ്പിക്കയും ചെയ്തിരിക്കുന്നു. ഇപ്രകാരം പ്രവൃത്തിയിലും പറച്ചിലിലും ഇടവിടാതെയുള്ള പ്രാർത്ഥനയുടെ ആവശ്യത്തെ തന്റെ ജീവിതകാലം മുഴുവൻ പ്രത്യക്ഷപ്പെടുത്തി. എന്നാൽ തന്റെ പ്രാർത്ഥനയെ തന്റെ ഇഹലോകജീവിതാവസാനത്തോടുകൂടി അവസാനിപ്പിച്ചില്ല. വിശുദ്ധ കുർബാനയിൽ ഈശോയുടെ തിരുഹൃദയം ലോകത്തിലുള്ള എല്ലാ സക്രാരികളിലും ഇരുന്നു് തന്റെ നിരന്തരമായ പ്രാർത്ഥനയുടെ പ്രേഷിതത്വം വഹിക്കുന്നു. അതുപോലെതന്നെ സ്വർഗ്ഗത്തിലും അവിടുന്നു് നിത്യപിതാവിന്റെ മുൻപാകെ നമുക്കുവേണ്ടി നിരന്തരമായി പ്രാർത്ഥിക്കുന്നു. "Semper vivens ad interpellandum pro nobis" അവിടുന്നു നമുക്കുവേണ്ടി മദ്ധ്യസ്ഥം വഹിപ്പാൻ സദാ ജീവിച്ചിരിക്കുന്നവനത്രെ (Heb-VII 25) എന്നാല്ലെ വി. പൌലോസു് എഴുതിയിരിക്കുന്നതു്. ന. ക. തന്നെ ജെൽത്രൂദു് പുണ്യവതിയോടു് സ്വർഗ്ഗത്തിൽ നിത്യപിതാവിന്റെ മുമ്പാകെ താൻ ചെയ്യുന്ന മദ്ധ്യസ്ഥപ്രാർത്ഥനയേക്കുറിച്ചു് പറഞ്ഞിരിക്കുന്നതുകൂടി കേട്ടാലും "കന്യകയുടെ പുത്രനായ ഞാൻ ഇടവിടാതെ പിതാവായ ദൈവത്തിന്റെ മുമ്പാകെ നിൽക്കുന്നു എന്നു് നിരന്തരം ഓർക്കുന്നതു് മനുഷ്യർക്കു് എത്രയോ ഉപകാരപ്രദമാണു്. എന്തുകൊണ്ടെന്നാൽ മനുഷ്യർ സ്വാഭാവികമായ ബലഹീനതയാൽ ഒരു പാപം ചെയ്യുമ്പോൾ എന്റെ തുളക്കപ്പെട്ട കൈകളെ അവിടുത്തേക്കു ഞാൻ കാഴ്ചവെയ്ക്കുന്നു. അവർ ചെയ്യുന്ന മറ്റു പാപങ്ങൾക്കുവേണ്ടിയും ഇങ്ങനെതന്നെയാണു് ഞാൻ ചെയ്യുന്നതു്. എന്റെ നിഷ്കളങ്കത പിതാവിന്റെ കോപത്തെ ശമിപ്പിക്കും."

മിശിഹാ ഏതുവിധത്തിൽ നിരന്തരമായി പ്രാർത്ഥിച്ചെന്നും, തന്റെ ഇടവിടാതുള്ള പ്രാർത്ഥന പാപികളായ നമ്മുടെ രക്ഷയ്ക്കും പാപപരിഹാരത്തിനുമാണെന്നും, നമ്മോടു താൻ സാദ്ധ്യപ്പെട്ടപേക്ഷിക്കുന്ന ഒരു കാര്യം നാമും ഈ നിരന്തരപ്രാർത്ഥനയെ അനുകരിക്കണമെന്നുള്ളതെന്നും മനസ്സിലാക്കിയല്ലൊ. അതിനാൽ നമ്മെ എത്രയധികം സ്നേഹിക്കുന്ന കർത്താവിനോടുള്ള പ്രതിസ്നേഹമായിട്ടെങ്കിലും നാമും നിരന്തരമായി പ്രാർത്ഥിക്കുന്നതിനു് ഉത്സാഹിക്കേണ്ടതല്ലയോ? നാം ജപ്പാപ്പസ്തോലസഖ്യാംഗങ്ങളാണല്ലൊ. നമ്മുടെ അപ്പൊസ്തലത്വം, അല്ലെങ്കിൽ പ്രേഷിതത്വം, പ്രാർത്ഥനവഴിയായിട്ടാണല്ലൊ. അതിനാൽ മിശിഹായുടെ ഇടവിടാതെയുള്ള പ്രാർത്ഥനയെ അനുകരിക്കേണ്ട ചുമതല ജപ്പാപ്പൊസ്തലസഖ്യാംഗങ്ങൾക്കുണ്ടു്. പരിശുദ്ധപിതാവു് നമ്മുടെ പ്രധാനചുമതലയേയും കടമയേയും നമ്മെ ഓ

ന്മിപ്പിക്കുന്നതായി മാത്രം ഈ മാസത്തെ പ്രാർത്ഥനാനിയോഗത്തെക്കുറിച്ചു് നാം ഗണിച്ചാൽ മതി. കാലത്തെ എഴുനേല്ക്കുമ്പോഴുള്ള നമ്മുടെ കാഴ്ച വെപ്പു് പ്രാർത്ഥനതന്നെ എത്രയും ഭക്തിയോടും ശ്രദ്ധാന്തിയോടും നമുക്കു കഴിക്കാം. നമ്മുടെ ഓരോ പ്രവൃത്തിക്കും മുൻപു് ഈ നിയോഗത്തെ പുത്തനാക്കുന്നതിനും ശ്രമിക്കാം. ഈശോയുടെ തിരുഹൃദയത്തിന്റെ അഭീഷ്ടങ്ങൾ സാധിക്കുന്നതിനായി നമ്മുടെ ഓരോ പ്രവൃത്തിയും കാഴ്ചവയ്ക്കാം. നമ്മുടെ മറ്റു ജപതപക്രിയകളും ഭക്തിതീക്ഷ്ണതയോടും തിരുഹൃദയത്തിന്റെ നിരന്തരമായ പ്രാർത്ഥനയോടു് ഒന്നിച്ചു ചേർത്തും കാഴ്ചവയ്ക്കാം. "നിന്റെ രാജ്യംവരണം" എന്ന ജ. അ. സഖ്യാംഗങ്ങളുടെ മുദ്രാവാക്യം ദിവസത്തിൽ കൂടെക്കൂടെ ഉച്ചരിക്കയും, നമ്മുടെ സകല പ്രവൃത്തികളുടേയും അന്തരം ആയിരിക്കയും ചെയ്യട്ടെ. ഇങ്ങനെ നമ്മുടെ ഓരോ ദിവസവും നിരന്തരമായ പ്രാർത്ഥനയായി ത്തീരട്ടെ.

II മിഷൻനിയോഗം

മദ്ധ്യഏഷ്യാ, പെർഷ്യാ, മെസോപൊട്ടേമിയാ, മുതലായ രാജ്യങ്ങളിൽ വേദപ്രചാരണ സ്വാതന്ത്ര്യത്തിനായി.

ജപപ്രൊസ്തലസഖ്യാംഗങ്ങളും പരിശുദ്ധപിതാവിനു് ജൂബിലിവർഷം പ്രമാണിച്ചു് സമർപ്പിച്ച ജ്ഞാനപൂക്കെട്ടിൽ—

കുർബാന കണ്ടതു്.	43731334
മുഴുവനായ കുർബാന ധർമ്മം	64112
പലർക്കുടി ചൊല്ലിച്ച കുർബാന	78511—ം ആണെന്നു് പരസ്യപ്പെടുത്തിയിരിക്കുന്നു.

എന്നാൽ വേദ ഭൈരുക്കം അനുഭവിക്കുന്ന മെക്സിക്കോയിലേ കത്തോലിക്കരുടേതാണു് ഇതിൽക്കുടിയതുകയെന്നറിയുന്നു. ഇതു് വിശുദ്ധ കുർബാനയോടും പരി. പിതാവിനോടും അവർക്കുള്ള നിസ്സീമമായ ബഹുമാനത്തെ പ്രസ്പഷ്ടമാക്കുന്നു. അവരുടെ തുക താഴെ കാണിക്കുന്നു.

കുർബാന കണ്ടതു്.	1199309
മുഴു. കു. ധർമ്മം	17439
ഇൻഡ്യായ്ക്കുള്ളതു്.	
കുർബാന കണ്ടതു്.	1003044
മുഴു. കു. ധർമ്മം	3107
പലർക്കുടി കൊടുത്തു് ചൊ. കു.	11616

III.

ചങ്ങനാശേരി, മിറ്റക്കാറി, വെളിച്ചിയാനി, പായിപ്പാട്ട്, എള ങ്ങോയി, കാഞ്ഞിരപ്പള്ളി അതിരമ്പുഴ എന്നീസ്ഥലങ്ങളിലെ ജപാപ്പ സ്തോല സഖ്യാംഗങ്ങളും മാർച്ചു് എപ്രിൽ ഈമാസങ്ങളിൽ ഈശോയുടെ തിരുഹൃയേത്തിനുസമർപ്പിച്ചു:

സുകൃതഭണ്ഡാരം		നിയോഗങ്ങളും	
1 ദൈവസ്നേഹപ്രകരണം	543575	1 ഇടവകകൾ	150
2 കൊന്തനമസ്ക്കാരം	115000	2 മുഴുവൻധ്യാനം	175
3 സ്ളീവാപ്പാത	715	3 ദൈവവിളി	515
4 ശു. കു. ഉൾക്കാള്ളൽ	2117	4 പള്ളിക്കൂടങ്ങൾ	410
5 അരുപി: "	4350	5 വിദ്യാത്ഥികൾ	1500
6 ആത്മശോധന	1276	6 പരീക്ഷാവിജയം	750
7 വേലചെയ്ത നാഴിക	7320	7 കുടുംബങ്ങൾ	430
8 മൗനം അനുഷ്ഠിച്ച മണിക്കൂർ	375	8 മാതാപിതാക്കന്മാർ	250
9 ജ്ഞാനവായന	3128	9 യുവജനങ്ങൾ	840
10 കുർബാനചൊല്ലിച്ചതു	2	10 മക്കൾ	201
11 " കണ്ടതു്	9710	11 സഖ്യപ്രോത്സാഹികൾ	150
12 ആശയടക്കങ്ങൾ	721	12 പതിതരുടെമാനസാന്തരം	427
13 പ്രായശ്ചിത്തങ്ങൾ	905	13 അജ്ഞാനികളുടെ "	215
14 ആത്മികമനോഗുണപ്രവൃത്തി	1130	14 ദുഷ്കത്തോലിക്കരുടെ "	197
15 ശരീരമനോഗുണ പ്രവൃത്തി	129	15 മദ്യപാനികളുടെ "	183
16 വിവിധജപങ്ങൾ	13476	16 ശത്രുക്കളുടെ രമ്യം	73
17 നല്ലവണ്ണംകഴിച്ചുല്ലാസം	1729	17 മരിച്ച വിശ്വാസികൾ	930
18 ദു:ഖാരിഷ്ടതകൾസഹിച്ചതു്	519	18 ഭാഗ്യമരണം	370
19 പ്രേത്യകദുർഗ്ഗുണവിജയം	715	19 ഉദ്യോഗം	217
20 വി. കു. വിസിത്ത	1920	20 പണസഹായം	257
21 മറ്റു പുണ്യപ്രവൃത്തികൾ	13540	21 പ്രത്യേക മനോഗുണങ്ങൾ	613

നാലുപുത്രന്മാരും അഞ്ചുപുത്രികളും സന്ന്യാസമന്ദിരത്തിൽ

മംഗലാപുരത്തു് അമ്പതുവർഷം മുമ്പു് സ്ഥാപിതമായ "ക്രിസ്തീയമാതാക്ക ളുടെ സൊഡാലിറ്റി" എന്ന സഖ്യത്തിന്റെ അംഗങ്ങൾ ഇക്കാലത്തിനിടയ്ക്കു് അവരുടെ 72 പുത്രന്മാരേയും 110 പുത്രികളേയും തൃസ്സഭാസേവനത്തിനായി സമർപ്പിച്ചിട്ടുണ്ടു്. ഇതിലേ മിസ്സസ്സ് ഏ. ജെ. സെൽഫോ എന്നപേരായ ഒരം ഗത്തിന്റെ 14 സന്താനങ്ങളിൽ 4 പുത്രന്മാരും 5 പുത്രികളും സന്ന്യാസാശ്രമ ത്തിലാണു്. ഈ മഹതിക്കു് "പ്രോ എക്ലേസ്യാ എത്തു് പോന്തിഫിച്ചേ" (സഭ യ്ക്കുവേണ്ടിയും പാപ്പായ്ക്കുവേണ്ടിയും) എന്ന മെഡൽ പതിനൊന്നാം പീയൂസ്സ് പാപ്പാ പ്രദാനംചെയ്തിരിക്കുന്നു.

ലോകത്തിലെ വൈദികരുടെ സംഖ്യ.

ലോകത്തിൽ ആകെ 3,21,000 കത്തോലിക്ക വൈദികരുണ്ട്. ഇവരിൽ 2,57,000 പേർ ഇടവകപ്പട്ടക്കാരും 64,000 പേർ സന്ന്യാസികളും ആണ്. ഇവർ നാനാഭാഗങ്ങളിലായി ഇപ്രകാരം വിഭജിക്കപ്പെട്ടിരിക്കുന്നു:— യൂറോപ്പ് 252000; അമേരിക്ക, 51500; ഏഷ്യാ 10300. ആഫ്റിക്ക 7480; ആസ്ത്രേലിയാ 2200. പ്രകൃതത്തിൽ ഇന്ത്യാഭൂഖണ്ഡത്തിലെ ഒരു രാജ്യതന്ത്രവിചക്ഷണനായ ഡാനിയേൽ വെബ്സ്റ്ററിന്റെ ചില വാക്യങ്ങൾ രസാത്മകമാണ്. "കൂർ ബാന പൊല്ലപ്പെടാത്തതായും ബലിസാധനം ആരാധിക്കപ്പെടാത്തതായും ആയി ഒരുനിമിഷംപോലുമില്ല. ബ്രിട്ടീഷുസാമ്രാജ്യത്തിന്റെ വിസ്തൃതി കത്തോലിക്കസഭയിലേ ഈ ബലിയുടെ സാർവത്രികതയോട് താരതമ്യപ്പെടുത്തുവാൻ പാടില്ല. "ആകയാൽ പരമകാരുണികനായ പിതാവെ . . ." എന്ന് ഒരു പട്ടക്കാരന്റെ സ്വരം കേൾക്കപ്പെടാത്തതോ, യൂറോപ്പിലൊ, ഏഷ്യയിലൊ, ആഫ്റിക്കയിലൊ അമേരിക്കയിലൊ എവിടെയെങ്കിലും ഒരിടത്തുള്ള നമ്മുടെ കൃത്താവിന്റെ പൂജാസംന്നിധ്യത്തെ വിളിച്ചറിയിക്കുന്ന മണിയുടെ നാദം ശ്രവിക്കപ്പെടാത്തതോ ആയ ഒരു വിനാഴികപോലുമുണ്ടൊ?

ഷാങ്ഹായിലെ ദേശീയത്വം.

ഈശോസഭക്കാരുടെ വക ദക്ഷിണേൻഡ്യയിലേ സന്ന്യാസി വിദ്യാലയമായ ഷാങ്ഹായിൽ പത്തുരാജ്യക്കാർ പ്രതിനിധീകരിക്കപ്പെട്ടിരുന്നുണ്ട്. അദ്ധ്യാപകമണ്ഡലത്തിലും വിദ്യാർത്ഥികളിലുംകൂടി 104 ഇൻഡ്യാക്കാരും, 16 ഫ്റഞ്ചുകാരും, 9 ബൽജിയൻകാരും, 7 സ്പെയിൻകാരും. 6 ഇംഗ്ലീഷുകാരും, 5 ഇത്താലിയരും, 2 അമേരിക്കരും ഒരു ഡച്ചുകാരനും, ഒരു സിറിയ൯സർലണ്ടുകാരനും, ഒരു ഗ്രീക്കുകാരനും ഉണ്ട്.

ലീജിയൻ ഓഫ് മേരിയുടെ ഒരു അസാധാരണയോഗം, തൃശൂരി.

തൃശൂരിയിൽ സംസ്ഥാപിതമായിട്ടുള്ള "മരിയസൈന്യ"ത്തിന്റെ സ്ത്രീകളുടെയും പുരുഷന്മാരുടെയും ഏകോപിച്ചുള്ള ഒരു അസാധാരണയോഗം 1934 മേയ് 20–ാംനു ഉച്ചകഴിഞ്ഞു 3 മണിക്കു് സ്ഥലം കന്യകാമഠംവക സെൻറ തോമസ്സ് ഡി പി. ജി. സ്കൂൾ ഹാളിൽവച്ചു റവ. ഗ്രിഗരി തെച്ചേരി ബി. ഏയുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. "ലീജിയൻ ഓഫ് മേരി" "കത്തോലിക്കർ അറിയേണ്ട ചില കാര്യങ്ങൾ" എന്ന വിഷയങ്ങളെ ക്രോഡീകരിച്ചു റവ. മാത്യു വലിയപറമ്പിൽ, മി. സി. പി. പോത്തൻ ബി. ഏ. എന്നീ മഹാന്മാർ പ്രസംഗങ്ങൾ നടത്തി. "മരണസമയം നിശ്ചയമില്ല" എന്ന വിഷയത്തെ അധികരിച്ചു സി. റി. ആഗസ്തി എന്ന ബാലൻ ചെയ്ത പ്രസംഗം എല്ലാവരുടെയും പ്രശംസയ്ക്കു പാത്രീഭവിച്ചു. ബാലികമാരുടെ അഭിനയഗാനങ്ങളും, സ്ത്രീസമാജം സിക്രട്ടറി മിസ്സ് എം. പി. റോസ്സിന്റെ സദിനം ഇടയ്ക്കിടയ്ക്കു സദസ്യരെ ആഹ്ലാദചിത്തവൃത്തികളാക്കിത്തീർത്തു. ഒടുവിൽ സമാജം സ്പിരിച്വൽ ഡിറക്ടർ റവ. സെബാസ്റ്റ്യ൯ അവർകളുടെ കൃതജ്ഞതാപ്രകടനത്തോടുകൂടി യോഗം മംഗളമായി അവസാനിച്ചു.

കത്തോലിക്കൈക്യം.

1. വിദ്യാഭ്യാസവകുപ്പ്.

വേദപാഠമത്സരപരീക്ഷാഫലം.

സ്കോളർഷിപ്പുകാർ

ന്യ-ാം ഫോറം

1	എൻ. ജെ. ജോസഫ്	(ഞള്ളത്തുവേലിൽ കാഞ്ഞിരപ്പള്ളി)	
		സെൻറ ബെക്കുമാൻസു ഹൈസ്ക്കൂൾ ചങ്ങനാശേരി.	
2	എൻ. വി. വറുഗീസ്	(എലഞ്ഞിക്കാട്ടുമണലിൽ കടയിനിക്കാട്ട്)	
		സെൻറ എഫ്രേംസ് ഹൈസ്ക്കൂൾ മാന്നാനം	

അടുത്തുവന്നവർ

1	റവി. ജെ. ജോസഫ്	(തയ്യിൽ, കുടമാളൂർ)	
		സെൻറ എഫ്രേംസ് ഹൈസ്ക്കൂൾ, മാന്നാനം	
2	സി. സി. മേരി	(ചിറയിൽ, പുളിംകുന്ന്)	
		സെൻറ ജോസഫ്സ് ഹൈസ്ക്കൂൾ, ചങ്ങനാശേരി	

ന-ാം ഫോറം

1	കെ. ജെ. റോസ	ലിറിൽഫ്ളവർഇം.മിഡിൽസ്ക്കൂൾ പുളിംകുന്ന്		
2	എം. സി. അന്ന	(മണ്ണൻപ്ലാക്കൽ	"	ചിറക്കടവു്)
		സെൻറ എഫ്രേംസ്	"	ചിറക്കടവു്
3	റവി. റവി. മത്തായി	സെൻറ അലോഷ്യസ്	"	കാഞ്ഞിരമറ്റം
4	വി. ഡി. അന്ന	സെൻറ എഫ്രേംസ്	"	ചിറക്കടവു്
5	പി. എ. ആൻറണി	സെൻറ ജോർജ്ജ്	"	മണിമല

അടുത്തുവന്നവർ

1	പി. വി. മൈക്കൾ	സെൻറ മൈക്കൾ	"	പ്രവിത്താനം
2	എം. ഡി. മാത്യു	സെൻറ എഫ്രേംസ്	"	ചിറക്കടവ്
3	എം.ഡി.കൊച്ചുത്രസ്യ	"	"	"
4	പി. വി. മാത്യു	"	"	"
5	റവി. ഉലഹന്നൻ	സെൻറ എഫ്രേംസ് ഇം. ഹൈസ്ക്കൂൾ, മാന്നാനം		

സമ്മാനാർഹർ.

8-ാം ഫോറം

1	ഡയിസിവാസ്	സെൻറ ജോസഫ്സ് ഇം ഹൈസ്ക്കൂൾ,	മന്നാനം

അടുത്തുവന്നവർ

1	എം. വി. ക്ലാരമ്മ	സെൻറ ജോസഫ്സ്	ചങ്ങനാശേരി
2	എം. എസ്സ് വർക്കി	(മണിമല)	
		സെൻറ ബക്കുമാൻസു	» »
3	കാതറയിൻ മാത്യൂ	(കല്ലറയ്ക്കൽ, കാഞ്ഞിരപ്പള്ളി)	
		സെൻറ ജോസഫ്സ് ഹൈസ്ക്കൂൾ	»

7-ാം ഫോറം

1	കെ. എം ജോസഫ്	(കല്ലൂക്കുളങ്ങര, ചിറക്കടവു)	
		സെൻറ ബക്കുമാൻസു ഹൈ.	ചങ്ങനാശേരി.

അടുത്തുവന്നവർ

1	ഇ. ഡി. തോമസ്	(ഇടച്ചേരിൽ ചിറക്കടവു)	
		സെൻറ ബക്കുമാൻസു ഹൈ,	ചങ്ങനാശേരി.
2	എം. പി. വറുഗീസ്	» »	»

6-ാം ഫോറം

1	പി. സി. റോസ	സെൻറ ജോസഫ്സ്	» »

അടുത്തുവന്നവർ

1	വി. എ. മേരി	ദി ലിറ്റിൽഫ്ളൂവേഴ്സു മി: സ്ക്കൂ.	വടകര
2	പി. സി ഗ്രിഗരി	സേക്രഡ്ഹാർട്ട്സ്	» ചമ്പക്കുളം

5-ാം ഫോറം

1	കെ. സി. തൃസ്യാ	സെൻറ ജോസഫ്സ് ഹൈ.സ്ക്കൂ.	ചങ്ങനാശേരി

അടുത്തുവന്നവർ

1	എൻ.ജെ.ജയിക്കബ്ബ്	സെൻറ ബക്കുമാൻസ്	» »
2	കെ. റ്റി. അന്ന	സെൻറ ജോസഫ്സ്	» »

പ്രിപ്പാററി ക്ലാസ്സ്

1	വി. എ. തോമസ്	സേക്രഡ് ഹാർട്ട്സ്	» »

അടുത്തുവന്നവർ

1	എം. റ്റി. ജോസഫ്	സെൻറ ജോസഫ്സ്	» പുളിംകുന്നു
2	കെ. എ. മേരി	സെൻറ ജോസഫ്സ്	» ചങ്ങനാശേരി

2. ഭ്രകുമ്പളൂരിതറവാടുകൾ ഫണ്ടു്

മൻലിസ്റ്റ്		1513	10		പാറമ്പുഴ	"	4	10	4
ചമ്പക്കരപള്ളി		3			മിത്രക്കരി	"	3	7	
മുത്തോലി കുരിശുപള്ളി		22			കാഞ്ഞിരമറ്റം	"	26	18	4
ളാലം പുത്തൻ	"	0			പുലിംകുന്നുപള്ളി	"	66		
തുരുത്തി	"	3	20	8	ആലപ്പുഴ മാർസ്ലീവാപള്ളി				
പാഴൂർ	"	2	11	8	ഏകദേശം വരവു		120		
ഖ. കുഴിക്കാട്ടിലച്ചൻ		1			വടകരപ്പള്ളി		27		
കടനാട്	പള്ളി	25			അന്ത്യാളൻ	പള്ളി	5		
മണിമലപഴെ	"	5			ചിറ്റാർ	"	4		
മുളക്കുളം	"	10			ആർപ്പുക്കര	"	1	14	8
ഏളങ്ങുളം	"	25			നടിയങ്ങാനം	"	5		
ചെമ്മലമറ്റം	"	15	6		പൈക	"	2	14	8
കടുത്തുരുത്തി	"	11	15	8	വേഴപ്ര വേദപ്രചാരസംഘം		4	27	
മാൻവെട്ടം	"	3			വാകക്കാട്ട് പള്ളി		20		
മണിയൻകുന്നു	"	8			ആകെ		1938	12	8

3. CASUS CONSCIENTIAE No. 5

Antonius apud Jacobum Vicarium confitetur se fovisse turpes cogitationes. Interrogat Jacobus: "Utrum cogitasti de fornicatione an de turpibus tactibus?" Antonius. "Non recordor".

Jacob. "An fovisti etiam desideria."

Ant. "Ita, ni fallor."

Jacob. "Quid facere desiderasti? Utrum volebas peccare solus an cum alia persona?"

Ant. "Utrumque."

Jacob. "Utrum cum viro an cum muliere? Utrum cum persona Deo dicata vel non? mi bone, debebas haec omnia sponte manifestare.

His auditis, Antonius impatientia abreptus vicarium relinquit, et ad alium sacerdotem tendit, et, postquam confessus est se fovisse turpes cogitationes, statim absolvitur.

Quaeritur: Quid de modo agendi utriusque confessariorum?

St.Joseph's Orphanage Weaving Institute Changanacherry.

അനാഥശാല നെയ്ത്തുശാല, ചങ്ങനാശേരി.

ഇവിടെ പലഇനത്തിലുള്ള തുണിത്തരങ്ങളും, തുവാലകളും, പുതപ്പുകളും, മേശവിരി, ബെഡ്ഷീറു്, നാഫ്കിൻ, ടൗവൽ മുതലായവയും, കരയൻമുണ്ടുകളും, വേഷ്ടികളും,, തുപ്പട്ടികളും, തോത്തുകളും ആദിയായി നിത്യഉപയോഗത്തിനുള്ളവയും പള്ളികളിലുംമഠം ഉപയോഗിക്കാവുന്ന പരവതാനികളും, പവുക്കാളങ്ങളും, സന്ന്യാസ സഭക്കാക്കുള്ള ബ്രൗൺതുണികളും ആദിയായവയും എപ്പോഴും വിൽപ്പനയുള്ളതുകൂടാതെ ആവശ്യക്കാരുടെ ഇഷ്ടാനുസരണം ഏതു വലിപ്പത്തിലും ഡിസൈനിലും വേണ്ട ചരക്കുകളും ആദായകരമായി അപ്പോഴപ്പോൾ ചെയ്തുകൊടുക്കുന്നതാണു്.

വിലവിവരം.

		വലിപ്പം.	രൂ.	ണ.	കാ.
പവുക്കാളം	ഒന്നാംതരം	34" × 72"	3	7	2
ടി	രണ്ടാംതരം	ടി.	2	14	4
ടി	മൂന്നാംതരം	36" × 72"	1	17	12
മേശവിരി	വലുതു്	54" × 90"	1	14	4
ടി	ചെറുതു്	42" × 80"	1	0	0
ബ്രൗൺ	തുണി വാരയ്ക്കു്	43" × 36	0	19	8
പോക്കറ്റുവാല	വലുതു്	22" × 22"	0	3	0
ടി	ചെറുതു്	19" × 19"	0	2	4
	ബാത്തു് ടൗവ്വൽ	32" × 60"	0	17	12
ടി	രണ്ടാംതരം	29" × 54"	0	11	0
ടി		ടി.	0	8	0
കറപ്പു		36" × 36"	0	19	8

മുണ്ട്, തോത്തുകളും മുതലായവ മുക്കാൽ രൂപ മുതൽ അഞ്ചു ചക്രംവരെവിലയുള്ളവ ഇവിടെ വില്പനയ്ക്കു് എപ്പോഴുംതയാറുണ്ടു്.

Reg. No. T.21.

പഞ്ചാംഗം.

നമ്മുടെ കർത്താവിന്റെ തിരുഹൃദയവന്നക്കമാസം.

ഇം.	മല.		1934 ജൂൺ	1109 ഇടവം-മിഥുനം	
1	19	വെ		എം	അ
2	20	ശ		എം	വെ
3	21	ഞാ	✠	പന്ത. 2-ാം ഞാ. ഹ. 3 ഹ.	വെ
4	22	തി		എം	വെ
5	23	ചൊ		എം	വെ
6	24	ബു		എം	വെ
7	25	വ്യാ		എട്ടാം	വെ
8	26	വെ		ന. ക. തിരുഹൃദയം	വെ
9	27	ശ		വേ. പ്രീമോസും ഫേലിസ്യാനോസും	ച
10	28	ഞാ	✠	പന്ത. 3-ാം ഞാ. ക. 4 ക.	പ
				* എ. ടാ. ക. 2 റിയത്തിന്റെ തിരുഹൃദയം	വെ
11	29	തി		ശ്ലീ. ബർണ്ണബാ	ച
12	30	ചൊ		വേ. ബസീലിഡീസും ക്യൂരീനും	ച
				* മൗ യോഹന്നാൻ ഫക്കുന്തോസ്സ്	വെ
13	31	ബു		മൌ. അന്തോനിയോസ് പാദുവാ	വെ
14	32	വ്യാ		അ. ഭട. മല്പാൻ ബസീലിയോസ്	വെ
				* ഏലീശാനി വ്യാ	ച
15	1	വെ		വേ. വിക്തോസും കൂട്ടരും	ച
16	2	ശ		മൌ. പ്രാൻസിസ് ക്ലോസ് റേഗിസ്	വെ
17	3	ഞാ	✠	പന്ത. 4-ാം ഞാ. മ. 5 ഹ.	പ
18	4	തി		വേ. മർക്കോസും മർസല്ലിനോസും	ച
19	5	ചൊ		വേ. ഗർവാസിസും പ്രോത്താസിസും	ച
				* ക. യൂഫിയാനാ	വെ
20	6	ബു		പാ. വേ. സിൽവേയ്രോസ്	ച
21	7	വ്യാ		മൌ. ലൂയിസ്	വെ
22	8	വെ		അ. മൗ. പൗലിനോസ്	വെ
23	9	ശ		യോഹന്നാൻ മാംഭാ. പിറ. തലേനാൾ	റോ
24	0	ഞാ	✠	പന്ത. 5-ാം ഞാ. ഹ. 6 ക.	പ
25	11	തി		ആബാ ഗ്രഹിയേൽമേസ്	വ
26	12	ചൊ		വേ. യോഹന്നാനും പൗലോസും	ച
27	13	ബു		യോഹന്നാൻ മുംപിറ	വ
28	14	വ്യാ		പാ. മൌ. ലെയോ	വ
				ശ്ലീ. പത്രോസ് പൗ	റോ
29	15	വെ	✠	ശ്ലീ. പത്രോസും പൗലോസും	ച
30	16	ശ		ശ്ലീ. പൗലോസ്	ച

I tenuis, gitationes, stat

Printed and published by Rev. Fr. Mathew Alakalam
at the S. J. O. Press, Changanacherry.